നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

3.00 ക.

# നിയമത്തോട് ഏറ്റുമുട്ടിയപ്പോൾ



ക്യത്രിമസംഘട്ടനം സ്യഷ്ടിച്ച് മൂന്നുപേരെ കൊന്നുവെന്ന കേസിൽ അറസ്റ്റി ലായ പോലീസ് മേധാവിമാർ – ഗുജറാത്ത് ഡി.ഐ.ജി. വഞ്ജാറ (നടുവിൽ), പോലീസ് സൂപ്രണ്ട് രാജകുമാർ പാണ്ഡ്യൻ (ഇടത്), ദിനേശ് കുമാർ (വലത്).

122

ജൂൺ 2007

# ഡോ. വിനായക സെന്നിന്റെ അറസ്റ്റിൽ പ്രതിഷേധം

**അ**ഖിലേന്ത്യാ പൗരസ്വാതന്ത്ര്യ യൂണിയന്റെ (പിയുസിഎൽ) വൈസ് പ്രസിഡണ്ടായ ഡോ. വിനായകസെന്നിനെ ഛത്തീസ്ഗഡ് ഗവർമ്മേണ്ട് കെട്ടിച്ചമച്ചുണ്ടാക്കിയ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്തതിൽ വ്യാപകമായ പ്രതിഷേധമുയർന്നു. മാവോയിസ്റ്റുകളെ സഹായിക്കുന്നുവെന്ന് ആരോപിച്ചുകൊണ്ട് മെയ് 14നാണ് ഡോ. സെന്നിനെ അറസ്റ്റ് ചെയ്തത്.



ഡോ. വിനായകസെൻ

പ്രഗത്ഭനായ ഒരു ശിശുരോഗ ചികിത്സാവിദഗ്ദ്ധൻ കൂടിയായ ഡോ. സെൻ ഛത്തീസ്ഗഡിലെ പി.യു.സി.എൽ. പ്രസിഡണ്ട് കൂടിയാണ്. യാതൊരുവിധ ചികിത്സാ സൗകര്യവുമില്ലാത്ത ഗ്രാമപ്രദേശങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന ആളാണ് ഡോ. സെൻ.

ജയിലിൽ കിടക്കുന്ന നക്ഷൽ നേതാവായ നാരായണൻ സന്യാലിനെ ഡോ. സെൻ ചെന്നുകണ്ടത് നക്ഷലുകളുമായി അദ്ദേഹത്തിനുള്ള ബന്ധത്തിന്റെ തെളിവാണെന്ന് ഗവർമ്മേണ്ട് പറയുന്നു. അധികാരികളുടെ അനുമതിവാങ്ങി പോലീസുകാരുടെ സാന്നിധ്യത്തിലാണ് താൻ സന്യാലിനെ കണ്ടതെന്നും അതിൽ രഹസ്യമായോ മറച്ചുവക്കേണ്ടതായോ ഒന്നുമില്ലെന്നും ഡോ. സെൻ പറയുന്നു.

ഛത്തീസ്ഗഡിലെ ആദിവാസികൾക്കിടയിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളാണ് ഡോ: സെൻ. നക്ഷലുകളെ നേരിടാനായി ഗവർമ്മേണ്ട് ഒരു ചോറ്റുപട്ടാളത്തെ സംഘടിപ്പിച്ചിട്ടുണ്ട്. ഇവർ നടത്തിവരുന്ന കൊടും ക്രൂരതകളെ ഡോ. സെൻ എതിർത്തുവരുന്നതിലുള്ള അരിശമാണ് ഡോ: സെന്നിന്റെ അറസ്റ്റിന് കാരണമായത്. ഒരു മാസം മുമ്പ് ദന്തേവാദവനത്തിൽ സംഘടിപ്പിച്ച ഒരു കൃത്രിമ ഏറ്റുമുട്ടലിൽ 12 പേർ കൊല്ലപ്പെട്ടിരുന്നു. ഗവർമ്മേണ്ടിന്റേയും അതിന്റെ ചോറ്റുപട്ടാളത്തിന്റെയും പ്രവർത്തനങ്ങളെ വിമർശിക്കുന്നവരെയെല്ലാം ഗവർമ്മേണ്ട് നക്ഷലുകളായി മുദ്രയടിക്കുകയാണ്.

### ജനനീതിയുടെ നിവേദനം

*മനുഷ്യാവകാശ പ്രവർത്തകനായ ഡോ: വിനായക സെന്നിനെ ഉടനെ ജയിൽ വിമുക്തനാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനനീതി മെയ് 18-ന് രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും ഛത്തീസ്ഗഡ് ഗവർണർ, മുഖ്യമന്ത്രി എന്നിവർക്കും ഓരോ നിവേദനം സമർപ്പിച്ചു.* ❑

ജനനീതി

ജൂൺ 2007
**122**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ശിക്ഷയില്ലാത്തിടത്ത് കുറ്റകൃത്യങ്ങൾ ഒരു ഹോബിയാകും

മൂന്നാറിൽ പ്രമാണിമാരും പ്രമാണിമാരല്ലാത്തവരും കയ്യേറി കൈവശപ്പെടുത്തിയിരിക്കുന്ന ഭൂമികൾ ഗവർമ്മേണ്ട് ഒഴിപ്പിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. ധീരമായൊരു നടപടിയാണത്. ചുമതലകൾ നിറവേറ്റുന്നതുപോലും അഭിനന്ദിക്കപ്പെടേണ്ട മഹാത്ഭുതമായി കരുതിവരുന്ന ഒരു കാലഘട്ടമാണിത്. പോലീസുകാരൻ ക്രമസമാധാനപാലനം നടത്തുന്നതും, അധ്യാപകൻ സ്കൂളിൽ ഹാജരായി കുട്ടികളെ പഠിപ്പിക്കുന്നതും സർക്കാർ ഉദ്യോഗസ്ഥൻമാർ ഓഫീസിൽവന്ന് കസേരയിൽ ഇരിക്കുന്നതുപോലും പ്രകീർത്തിക്കപ്പെടുന്നൊരു കാലഘട്ടത്തിൽ സർക്കാർ ഭൂമി കയ്യേറിയവരെ ഇറക്കിവിടുന്നത് പ്രശംസനീയംതന്നെ. കേരളത്തിൽ കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി തഴച്ചുവളരുന്ന ഒരുബിസിനസ്സാണ് റവന്യൂ ഭൂമിയും വനഭൂമിയും കയ്യേറി കൈവശപ്പെടുത്തുക എന്നത്. മന്ത്രിമാരുടേയും അവരുടെ തന്ത്രിമാരുടേയും സംരക്ഷണത്തിലാണ് ഇതെല്ലാം നടന്നുവന്നിരുന്നതും. ഭൂമികയ്യേറ്റക്കാര്യം തെളിവ് സഹിതം ചൂണ്ടിക്കാണിച്ചാൽപോലും നടപടിയെടുക്കാൻ വിസമ്മതിച്ചിരുന്ന ഗവർമ്മേണ്ടുകളാണ് ഇവിടെ ഇത്രകാലവും വാഴ്ച നടത്തിയിരുന്നത്. അതിലെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമായിരുന്നു മതികെട്ടാൻചോലയിലെ കയ്യേറ്റം. ഇത്തരത്തിലുള്ള അറപ്പുളവാക്കുന്ന ഒരു പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ ഇപ്പോഴത്തെ ഗവർമ്മേണ്ട് മുഖം നോക്കാതെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നുവെങ്കിൽ, അതിനെ എത്ര പ്രകീർത്തിച്ചാലും അധികമാവില്ല.

പക്ഷെ ഒരു സംശയം അവശേഷിക്കുന്നു, സർക്കാർ വക ഭൂമികളിൽ, നാലും അഞ്ചും നിലകളുള്ള പടുകൂറ്റൻ കെട്ടിടങ്ങൾ തനിയെ മുളച്ചുവരുമോ? അതിനു സഹായിക്കുന്ന മാന്ത്രിക ദണ്ഡുകൾ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഉണ്ടാകാനിടയില്ല. ഇതിന്റെയെല്ലാം പിന്നിൽ ചിലരുണ്ടെന്നു വ്യക്തം. ആരാണവർ? എന്തുകൊണ്ടവരെ പിടികൂടിയില്ല? ആരെങ്കിലും മുഖ്യമന്ത്രിയുടെ പോക്കറ്റടിച്ചുവെന്നുകരുതുക. അംഗരക്ഷകർ പോക്കറ്റടിക്കാരനെ പിടികൂടി മുഖ്യമന്ത്രിയുടെ മടിശ്ശീല വീണ്ടെടുത്താൽ പ്രശ്നം തീരുമോ? അതോ പോക്കറ്റടിക്കാരനെ പോലീസിൽ ഏല്പിക്കുമോ? കേരളത്തിന്റെ പോക്കറ്റടിച്ച് ഭൂമി റാഞ്ചിയെടുത്തവരെ എന്തുകൊണ്ട് പോലിസിൽ ഏല്പിക്കുന്നില്ല?

കലക്ടർ മുതൽ വില്ലേജ് ഓഫീസിലെ പ്യൂൺ വരെയുള്ള ഉദ്യോഗസ്ഥരെല്ലാം സർക്കാർ വക സ്വത്തുക്കൾ സംരക്ഷിക്കാൻ ചുമതലപ്പെട്ടവരാണ്. ഒരു പുറംപോക്കുഭൂമി ആരെങ്കിലും കയ്യേറിയാൽ, മണിക്കൂറുകൾക്കകം അതൊഴിപ്പിക്കാൻ ചുമതലപെട്ടവരാണ് വില്ലേജ് ഓഫീസിലെ ഉദ്യോഗസ്ഥൻമാർ. അതിന്നാണ് അവർക്ക് കൈ നിറയെ ശമ്പളം നൽകുന്നത്. കയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യം ചർച്ച ചെയ്യാൻ മന്ത്രിസഭ സമ്മേളിക്കേണ്ട ഒരു കാര്യവുമില്ല, വില്ലേജ് ഓഫീസർ ചെയ്യേണ്ട ജോലിയാണത്. വില്ലേജ് ഓഫീസർമാർ അവരുടെ കർത്തവ്യം നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ളവരാണ് താസിൽദാരും കലക്ടറും. മൂന്നാർ ഉൾപ്പെടെ ഹൈറേഞ്ചസ്സിൽ ഉടനീളം നടന്ന (നടന്നുകൊണ്ടിരിക്കുന്ന) കയ്യേറ്റങ്ങളൊന്നും ഇവരാരും കണ്ടില്ലെങ്കിൽ, ഇവരെ ഈ ജോലിക്ക് കൊള്ളില്ലെന്നു വ്യക്തമാകുന്നു.

ചില ഉദ്യോഗസ്ഥൻമാരെ ഗവർമ്മേണ്ട് സ്ഥലം മാറ്റിയിട്ടുണ്ട്; ചിലരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതെല്ലാം നിരർത്ഥകമാണെന്നറിയാത്ത ഒരൊറ്റ കുട്ടിയും കേരളത്തിലുണ്ടാകില്ല. ഭൂമികയ്യേറ്റക്കാരിൽനിന്ന് കൈക്കോഴ വാങ്ങി തടിച്ചുകൊഴുത്തവരെ അവരുടെ ജന്മദേശത്തേക്ക് സ്ഥലം മാറ്റിയാൽ അവർ ആർപ്പുവിളിക്കുകയല്ലേ ചെയ്യുക? സസ്പെൻഷൻ കൊണ്ടെന്തു കാര്യം? പണിയെടുക്കാതെ ശമ്പളം പറ്റാമെങ്കിൽ, അതൊരു ശിക്ഷയാകുന്നതെങ്ങനെ?

സർക്കാർ വക ഭൂമി ഒഴിപ്പിച്ചെടുത്തുവോ ഇല്ലയോ എന്നതിനേക്കാൾ പ്രധാനം, ഭൂമി കയ്യേറി കൈവശമാക്കിയവരേയും അത് തടയുന്നതിൽ പരാജയപ്പെട്ടവരേയും എന്തുചെയ്തുവെന്നതാണ്. തെറ്റു ചെയ്തവരേയും അതിന്നു കൂട്ടുനിന്നവരേയും ശിക്ഷിക്കാതിരുന്നാൽ, ഇവർ ഇതേ തെറ്റുകൾ ആവർത്തിക്കും. മനുഷ്യർ എല്ലാ നിയമങ്ങളേയും വെറുക്കുന്നു. നിയമധ്വംസനമെന്നത് മനുഷ്യന്റെ രക്തത്തിൽ ഇഴുകിച്ചേർന്ന ഒരു വാസനാവിശേഷമാണ്. നിയമലംഘനം ശിക്ഷാർഹമാണെന്ന ബോധമാണ് മനുഷ്യനെ നിയമവിധേയനാക്കുന്നത്. നിയമലംഘനം ശിക്ഷാർഹമല്ലാത്തതായാൽ തെറ്റുകുറ്റങ്ങൾ ഒരു ഹോബിയായിത്തീരും.

ഒരു കൊലപാതകമോ മോഷണമോ നടന്നാൽ അതിന്നുത്തരവാദികളായവരെ തിരിഞ്ഞുപിടിക്കാനാണ് പോലീസ് ആദ്യമേ ശ്രമിക്കുക. സർക്കാർ ഭൂമി കയ്യേറിയവരെ കണ്ടുപിടിക്കാനും അറസ്റ്റ് ചെയ്യാനും ഗവർമ്മേണ്ട് നടപടിയൊന്നും സ്വീകരിച്ചു കാണുന്നില്ല. അല്ലെങ്കിൽ തന്നെ ഇന്ത്യയിലെ നീതിന്യായ സംവിധാനം തെറ്റുചെയ്യുന്നവരേയും കുറ്റം ചെയ്യുന്നവരേയും രക്ഷിക്കാനുള്ള ഒന്നാണ്. നല്ലൊരുകെട്ട് നോട്ടുകയ്യിലുള്ള ഒരാൾക്കും ഇന്ത്യയിലെ ഒരു കോടതിയേയും പേടിക്കേണ്ടതില്ല. പട്ടിണി സഹിക്കാനാകാതെ ഒരു ചക്കയോ ഒരു നാളികേരമോ മോഷ്ടിക്കുന്നവർ മാത്രമാണിവിടെ ശിക്ഷിക്കപ്പെടുന്നത്. ഇത്തരത്തിൽ മ്ലാനമായൊരു നിയമാന്തരീക്ഷം നിലനിൽക്കേ, ഗവർമ്മേണ്ട് കേസെടുക്കേണ്ടെന്നു തീരുമാനിക്കുക കൂടി ചെയ്താൽ എന്താകും സ്ഥിതി? ഭൂമി എങ്ങും പോകില്ല; ഇന്നല്ലെങ്കിൽ നാളെ അതുവീണ്ടെടുക്കാവുന്നതേയുള്ളൂ. എന്നാൽ ഭൂമി കയ്യേറ്റക്കാരും അവരുടെ താളത്തിന്നു തുള്ളിയ ഉദ്യോഗസ്ഥന്മാരും വലയിൽ നിന്നെല്ലാം ചാടിപ്പോകും. ❑

# പോലീസ് മേധാവിമാർക്കേ മൂന്നാംമുറ തടയാൻ കഴിയൂ

**- യതീന്ദ്ര സിങ് -**

**ഏറ്റ**വും ക്രൂരമായ മനുഷ്യാവകാശ ധ്വംസനങ്ങളിലൊന്നാണ് കസ്റ്റഡിയിൽ വച്ചുള്ള മൂന്നാംമുറ പ്രയോഗങ്ങൾ. ഇന്ത്യൻ ഭരണഘടനയും സുപ്രീംകോടതിയും ദേശീയ മനുഷ്യാവകാശ കമ്മീഷനും ഐക്യരാഷ്ട്ര സമിതിയുമെല്ലാം നിരോധിച്ചിട്ടുള്ളതാണ് അത്. എന്നാലും ഇന്ത്യയിലുടനീളം പോലീസ് മൂന്നാംമുറ പ്രയോഗിച്ചുവരുന്നുണ്ട്. ഇന്ത്യയിലെ ക്രമസമാധാനപാലനരീതികൾ ഇന്നും പരുക്കനും പഴഞ്ചനും മൃഗീയവുമാണെന്നതാണ് വസ്തുത.

സ്വതന്ത്ര ഭാരതത്തിലെ പോലീസ് മുറകളുടെ ചില സാമ്പിളുകൾ താഴെ ചേർക്കുന്നു.

തടവുകാരുടെ കൈകൾ പിന്നിൽ കെട്ടിയിട്ടശേഷം മേൽക്കൂരയിൽനിന്ന് തൂക്കിയിട്ട് വടികൊണ്ട് അടിക്കാറുണ്ട്; ചിലകേസുകളിൽ എലക്ട്രിക് ഷോക്ക് നൽകുന്നു. കാലിന്റെ വെള്ളയടക്കം ശരീരത്തിന്റെ എല്ലാഭാഗങ്ങളിലും തല്ലാറുണ്ട്. തടവുകാരുടെ കാലുകൾ അകത്തിപ്പിടിച്ച് മലദ്വാരത്തിൽ മുളുക്ക് കയറ്റുന്നതായും പറയുന്നുണ്ട്.(ആംനസ്റ്റി ഇന്റർനാഷണൽ 1988)

1998 ൽ പഞ്ചാബിൽ പോലീസിന്റെ മൂന്നാംമുറകൾക്കിരയായ ദേവകി റാണിയെക്കുറിച്ചുള്ള ഐക്യരാഷ്ട്ര സാമ്പത്തിക സാമൂഹ്യ കൗൺസലിന്റെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു; "പോലീസ് പോസ്റ്റിൽ എന്റെ കൈകൾ പിന്നിൽ കെട്ടുകയും കാലുകൾ രണ്ടും വലിച്ചകറ്റുകയും ചെയ്തു. സബ്ബിൻസ്പെക്ടർ എന്റെ തുടകളിൽ കയറിനിന്നു, അസിസ്റ്റന്റ് സബ്ബിൻസ്പെക്ടർ എന്നെ ഭേദ്യം ചെയ്യുകയും അപമാനിക്കുകയും ചെയ്തു. എന്റെ മകനെ നിർബ്ബന്ധിച്ച് എന്റെ തുണിയെല്ലാം അഴിച്ചുമാറ്റിച്ചു. എന്നെ മൂന്നുദിവസം അന്യായമായി തടങ്ങലിൽ വച്ചു."

പോലീസുകാർ ഇന്നും മൂന്നാംമുറ പ്രയോഗിക്കുന്നത് തുടരുന്നതെന്തുകൊണ്ടാണ്? സാമൂഹ്യ ശാസ്ത്രജ്ഞൻമാർക്കും ഗവേഷകർക്കും പണ്ഡിതർക്കും പറയാനുള്ള കാരണങ്ങൾ പലതാണ്. അഴിമതി, പണം സമ്പാദിക്കൽ, അന്വേഷണ വൈദഗ്ധ്യത്തിന്റെ അഭാവം, അറസ്റ്റ്ചെയ്യാനുള്ള അമിതാധികാരം, മൂന്നാംമുറ പ്രയോഗത്തോട് ജനങ്ങൾക്കുള്ള അനുകൂല മനോഭാവം, കോടതിയിൽ പോയാൽ കുറ്റവാളി രക്ഷപ്പെടുമെന്ന വിശ്വാസം, മൂന്നാംമുറപ്രയോഗിച്ചാലും ആരും ചോദിക്കില്ലെന്ന പോലീസിന്റെ വിശ്വാസം എന്നിവയെല്ലാം മൂന്നാംമുറ പ്രയോഗം തുടർന്നുപോകുന്നതിന് കാരണമാകുന്നുണ്ട്. പോലീസ് മേധാവിമാർ കാണിക്കുന്ന വിവേചനവും ഒരു കാരണമാണ്. അധികാരത്തിലിരിക്കുന്നവരെ രക്ഷിക്കാൻ അവർ വെമ്പുന്നു. അതിന്നുമപ്പുറം സമൂഹത്തിലെ ദരിദ്രർക്കും അധ:കൃതർക്കുമെതിരെ മൂന്നാംമുറ പ്രയോഗിക്കാനും അവർ മടിക്കില്ല.

പോലീസ് കാണിക്കുന്ന മൃഗീയതക്കുകാരണം പലതാണെന്ന് ഒരു പോലീസ് മേധാവി പറയുകയുണ്ടായി. അതിലൊന്ന് ജനങ്ങളുടെ സമ്മർദ്ദമാണ്. ഒരു കുറ്റകൃത്യം നടന്നാലുടൻ പ്രതിയെ പിടികൂടണമെന്ന മുറവിളി ഉയരുകയായി. അതുമാത്രമല്ല, തെറ്റുചെയ്തവനെ "കൈകാര്യം" ചെയ്യാനും അവർ പ്രേരിപ്പിക്കും. കുറ്റവാളികൾക്കെ

തിരെ തെളിവുലഭിക്കാനുള്ള ബുദ്ധിമുട്ടാണ് മറ്റൊരുകാരണം. പല കേസുകളിലും ഒരു തെളിവും ഉണ്ടാകില്ല; ദൃക്സാക്ഷികൾപോലും തെളിവു നൽകാൻ മുന്നോട്ടുവരില്ല. രാഷ്ട്രീയ യജമാനന്മാരെ തൃപ്തിപ്പെടുത്താനായി അഴിമതിക്കാരും രാഷ്ട്രീയവൽക്കരിക്കപ്പെട്ടവരുമായ പോലീസുകാർ മൂന്നാംമുറ പ്രയോഗിക്കാറുണ്ട്. കാണാമറയത്തുവച്ച് ആളുകളെ കൈകാര്യം ചെയ്യാൻ പോലീസ് മേധാവിമാർക്ക് നൽകപ്പെട്ടിരിക്കുന്ന വിപുലമായ അധികാരങ്ങളും ഇതിന്ന് കാരണമാണ്. പോലീസുകാരുടെ അതിക്രമങ്ങൾക്ക് പോലീസ് മേധാവിമാരിൽനിന്നും ഉദ്യോഗസ്ഥ പ്രമാണിമാരിൽനിന്നും രാഷ്ട്രീയക്കാരിൽനിന്നുമെന്നല്ല ജുഡീഷ്യറിയിൽനിന്നുപോലും പരോക്ഷമായ പിന്തുണ ലഭിക്കുന്നുണ്ട്.

അക്രമികളെ പോലീസ് തന്നെ "കൈകാര്യം" ചെയ്യണമെന്ന് ജനങ്ങൾ നിർബന്ധിക്കുന്നുണ്ട്. രാഷ്ട്രീയ യജമാനന്മാരും അതിന്നനുകൂലമാണ്. കുറ്റകൃത്യങ്ങളെക്കുറിച്ച് ശാസ്ത്രീയമായ അന്വേഷണം നടത്താനുള്ള വൈദഗ്ദ്ധ്യമൊന്നും പോലീസിനില്ല. പോലീസ് ഇന്ന് നിയമം നടപ്പാക്കാനുള്ള ഒരു കരുവല്ല, ഗവർമ്മേണ്ടിന്റെ ഒരു കരുവായിട്ടാണ് പ്രവർത്തിക്കുന്നത്.

പോലീസിന്റെ അധികാരങ്ങളെ മന:പൂർവ്വം ദുരുപയോഗപ്പെടുത്തുന്നതായും കാണുന്നുണ്ട്. ഈ ദുസ്വഭാവം പോലീസുകാരിൽ പരക്കെ കണ്ടുവരുന്നു. ജോലിനിർവ്വഹണം എളുപ്പമാക്കാൻവേണ്ടി മൂന്നാംമുറ പ്രയോഗിക്കുന്നത് സാധാരണയാണ്. കേസന്വേഷിച്ചുബുദ്ധിമുട്ടുന്നതിലും എളുപ്പമാണ് ഭേദ്യം ചെയ്ത് കുറ്റം സമ്മതിപ്പിക്കുന്നത്. കുറ്റകൃത്യങ്ങൾ നിയന്ത്രണ വിധേയമാക്കുന്നതിന്നായി ആളുകളെ കൊന്നുകളയാൻപോലും പോലീസ് തയ്യാറാകും. പകപോക്കലെന്ന നിലക്കും പണം സമ്പാദിക്കാനുള്ള കുറുക്കുവഴിയെന്ന നിലക്കും മൂന്നാംമുറ പ്രയോഗിക്കുന്നവർ ധാരാളമാണ്. മൂന്നാംമുറ സമ്പ്രദായം വളർത്തുന്ന തരത്തിലുള്ളതാണ് പോലീസിന്റെ സംഘടനാസംവിധാനം.

മൂന്നാംമുറ പ്രയോഗത്തിനുള്ള കാരണങ്ങളെ നാലായി തരംതിരിക്കാം-1. പോലീസ് സംസ്കാരം 2. പോലീസ് അധികാരത്തിന്റെ ദുരുപയോഗം 3. പോലീസ് മേധാവിമാരുടെ ഉദാസീനത 4. പരിശീലനമില്ലായ്മ.

ഏതു സംഘടനക്കും രണ്ടു സംസ്കാര തലങ്ങളുണ്ട്. പുറമെയുള്ള എല്ലാവർക്കും കാണാവുന്നതാണ് ഒന്ന്; ഭാഷ, വസ്ത്രം, പെരുമാറ്റം എന്നിവ ഇതിൽ പെടുന്നു. ഇതിന്നടിയിൽ കാതലായ ഒരു സംസ്കാരമുണ്ട്. സ്വഭാവത്തിന്നാധാരമായ മൂല്യങ്ങൾ, വിശ്വാസങ്ങൾ എന്നിവ ഇതിൽപെടുന്നു. ഇതു പുറമെയുള്ളവർക്ക് കാണാനാവില്ല. പോലീസ് സംഘടനയുടെ അനൗപചാരികമായ ഘടകം ഈ കാതൽ സംസ്കാരമാണ്.

പോലീസിന്റെ പുറമേക്കുകാണുന്ന. ഔപചാരികമായ സംഘടനയേക്കാൾ അനൗപചാരികമായ സംഘടനയാണ് പോലീസുകാരെ കൂടുതൽ സ്വാധീനിക്കുന്നത്. സഹപ്രവർത്തകരാണ് ഒരാളുടെ മനോഭാവത്തിന്ന് രൂപം നൽകുക. പോലീസ് അക്കാദമിയിൽവച്ച് പഠിച്ചത്, തെരുവിൽ പണിയെടുക്കുന്നിടത്ത് അപ്രസക്തമാണെന്ന് പുതുതായൊരു പോലീസുകാരൻ തന്റെ മേലുദ്യോഗസ്ഥന്റെ പെരുമാറ്റത്തിൽനിന്നു മനസ്സിലാക്കുന്നു. നിയമവും വ്യവസ്ഥയും പാലിച്ചുകൊണ്ട് പണിയെടുക്കാനാവില്ലെന്ന് പോലീസുകാർ കരുതുന്നതായി ഒരു പഠനത്തിൽ കാണുകയുണ്ടായി.

മൂന്നാംമുറപ്രയോഗം പോലീസ് സംസ്കാരത്തിന്റെ ഒരു ഭാഗമാണെന്ന് കുറച്ചുകാലം മുമ്പു നടത്തിയ ഒരു പഠനം തെളിയിച്ചു. മൂന്നാംമുറ വളരെ

ഫലപ്രദമാണെന്ന് പോലീസ് കരുതുന്നു. ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന് പോലീസുകാർ വൈമുഖ്യമാണ് കാണിക്കുന്നത്. ഒരുകേസിൽ സുപ്രീം കോടതി നടത്തിയ നിരീക്ഷണമാണ് താഴെ ചേർക്കുന്നത്.

"ബുദ്ധിയേക്കാൾ കയ്യൂക്കിനെ ആശ്രയിക്കുന്ന, സംസ്കാരത്തേക്കാൾ ദണ്ഡനമുറകളെ ആശ്രയിക്കുന്ന ഒരു പോലീസ്‌രീതിക്കും കുറ്റകൃത്യങ്ങളെ നിയന്ത്രിക്കാനാവില്ല; കാരണം ലക്ഷ്യപ്രാപ്തിക്കായി അവലംബിക്കുന്ന മാർഗ്ഗങ്ങൾ തിരിച്ചടിക്കുന്നു; ഏതൊരു ദുഷ്ടതയെ ഇല്ലാതാക്കാനാണോ ശ്രമിക്കുന്നത്, ആദുഷ്ടതയെ അത് ദ്വിഗുണീഭവിപ്പിക്കുന്നു. രണ്ടാമത്, പോലീസിനെ അവരുടെ ക്രൂരവിനോദങ്ങളിൽനിന്നും വിമുക്തരാക്കും വിധത്തിൽ പോലീസിന്ന് പുനർ വിദ്യാഭ്യാസം നൽകണം; മനുഷ്യനേയും മനുഷ്യത്വത്തേയും ബഹുമാനിക്കാൻ പഠിപ്പിക്കണം ; പ്രസംഗത്തിന്നുപകരം പ്രവർത്തിയിലൂടെ അതുകാണിച്ചുകൊടുത്താലേ താഴെ തലങ്ങളിലുള്ളവർ അതിനെ പിൻതുടരുകയുള്ളൂ. മൂന്നാമതായി ഏതെങ്കിലും പോലീസുകാരൻ തെറ്റു ചെയ്താൽ, പോലീസ് മേധാവിമാർ വർഗ്ഗബോധംവച്ച് അതിനെ മൂടിവയ്ക്കരുത്. തക്കതായ നടപടി കയ്യോടെ സ്വീകരിക്കണം."

lതങ്ങൾ തങ്ങളുടെ ജോലിചെയ്യുന്നുവെന്നതാണ് മൂന്നാംമുറയെക്കുറിച്ചുള്ള പോലീസിന്റെ വിചാരം. തൊഴിൽപരമായ ലക്ഷ്യപ്രാപ്തിക്കാണ് മൂന്നാംമുറ പ്രയോഗിക്കുന്നതെന്ന് അവർ കരുതുന്നു. പിടികൂടിയ ഒരാളിൽനിന്ന് വിവരം ശേഖരിക്കാൻ, ഒരുകേസ് തെളിയിക്കാൻ, മോഷ്ടിച്ചമുതൽ വീണ്ടെടുക്കാൻ, ആയുധം കണ്ടെടുക്കാൻ, അയാൾ ചെയ്തിട്ടുണ്ടാകാവുന്ന മറ്റുകുറ്റങ്ങൾ പുറത്തുകൊണ്ടുവരാൻ മറ്റുപ്രതികൾ എവിടെയാണെന്നു മനസ്സിലാക്കാൻ, ഒളിവു സങ്കേതങ്ങൾ കണ്ടുപിടിക്കാൻ-ഇതിനെല്ലാം മൂന്നാംമുറയാകാമെന്ന് പോലീസുകാർ കരുതുന്നുണ്ട്. തുടർച്ചയായി കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരെ കയ്യോ കാലോ തല്ലിയൊടിച്ച് അവശരാക്കി വിടുന്നതും പതിവാണ്.

പോലീസുകാരെ കിരാതൻമാരാക്കുന്ന പണി അവരുടെ പരിശീലനകാലത്തുതന്നെ ആരംഭിക്കുന്നുണ്ട്. പോലീസിലേക്ക് റിക്രൂട്ട് ചെയ്യപ്പെട്ട ചെറുപ്പക്കാരെ പരിശീലകർ തെറിപറയുന്നതും മുഷ്ക് കാണിക്കുന്നതും സാധാരണയാണ്. പോലീസായാൽ അങ്ങനെയൊക്കെയാണ് വേണ്ടതെന്ന് ചെറുപ്പക്കാർ അപ്പോഴേ പഠിക്കുന്നു. ഈ ലേഖകൻ നാഷണൽ പോലീസ് അക്കാദമിയിൽ പരിശീലനം നടത്തുന്നകാലത്ത് അവിടത്തെ മുഖ്യ പരിശീലകൻ ദിവസേന പരേഡ് ഗ്രൗണ്ടിൽ കേട്ടാലറക്കുന്ന തെറികൾ വിളിച്ചുപറയാറുണ്ട്. ഫയറിങ്ങ് റേഞ്ചിൽ വെടിവക്കാൻ പഠിക്കുമ്പോൾ "ഒരൊറ്റ വെടിക്ക് ചത്തുവീഴണം"എന്നാണ് പറയുക.

ദുശ്ശീലങ്ങൾ വേഗം വേരുപിടിച്ചുവളരും. പോലീസിൽ ചേരുന്ന ചെറുപ്പക്കാർ "കർക്കശനായ" മേധാവിയെ മാതൃകയാക്കുന്നു; അയാളുടെ തെറിഭാഷയും മുഠാളത്തരവും പിന്തുടരുന്നു. വാസ്തവത്തിൽ മിക്കവരുടേയും സേവനകാലം മുഴുവനും ഇതൊരു മുഖമുദ്രയായിത്തീരും. പരിശീലനകാലത്ത് കൈവരുന്ന ഈ കിരാതസ്വഭാവം യഥാർത്ഥ സേവനകാലത്ത് ശക്തിപ്പെടുന്നു. പോലീസുദ്യോഗസ്ഥൻമാരിൽ ഭൂരിപക്ഷവും ജനങ്ങളോടെന്നല്ല, കീഴുദ്യോഗസ്ഥൻമാരോടുപോലും അസഭ്യമായ ഭാഷയിലാണ് സംസാരിക്കുക. പോലീസുകാരോട് മുഷ്ക് കാണിക്കുന്ന മേധാവിമാരും ധാരാളമാണ്. പുരുഷൻമാരേക്കാൾ ദയയുള്ളവരായിട്ടാണ് സ്ത്രീകൾ കണക്കാക്കപ്പെടുന്നതെങ്കിലും, പോലീസ് യൂണിഫോമണിഞ്ഞാൽ പോലീസുകാരികൾപോലും മുഠാളത്തരം കാണിക്കും. 2005 ഡിസം

ബർ 21ന്ന് മീറത്തിൽ ഒരു വനിതാ സബ്ബിൻസ്പെക്ടർ ഒരു യുവദമ്പതിക ളുടെനേരെ കാണിച്ച പരാക്രമം ഒരു ഉദാഹരണം.

ആരേയും തടങ്കലിൽ വയ്ക്കാനും ചോദ്യം ചെയ്യാനും അറസ്റ്റ്ചെയ്യാനും പോലീസിന്ന് അധികാരമുണ്ട്. ഈ അധികാരത്തിന്റെ ദുരുപയോഗമാണ് ലോക്കപ്പ് മർദ്ദനം, ബലാത്സംഗം, പണംപിടുങ്ങൽ തുടങ്ങിയ ദുർവൃത്തി കൾ, മൂന്നാം നാഷണൽ പോലീസ് കമ്മീഷന്റെ റിപ്പോർട്ടുപ്രകാരം, അറസ്റ്റു കളിൽ അറുപതുശതമാനവും അനാവ ശ്യമാണ്. അറസ്റ്റിലധികവും വെറും സംശയത്തിൻമേലോ പകപോക്കാനോ ദുരുദ്ദേശപൂർവ്വമോ ആണെന്ന് കമ്മീ ഷൻ പറയുന്നു.

പോലീസുകാർ കാണിക്കുന്ന അതി ക്രമങ്ങളെ കുറ്റകൃത്യങ്ങൾ നിയന്ത്രി ക്കാനും ക്രമസമാധാനപാലനത്തിന്നു മുള്ള ഒരു തന്ത്രമായിട്ടാണ് പോലീസു കാർ കണക്കാക്കുന്നത്. മൂന്നാംമുറ പ്രയോഗങ്ങളെ അവർ അവഗണിക്കു ന്നു. ഇതൊക്കെ എല്ലാ നാട്ടിലും പതി വുള്ളതാണെന്ന് അവർ വാദിക്കും. എന്തുചെയ്തിട്ടായാലും വേണ്ടില്ല കുറ്റ കൃത്യങ്ങൾ തടയണം എന്നതാണ് അവ രുടെ നിലപാട്. കസ്റ്റഡിയിൽ വച്ചുള്ള ദണ്ഡനമുറകൾക്ക് ഇത് പ്രോത്സാഹ കമാകുന്നു. പോലീസ് മേധാവിമാരാ കട്ടെ, പോലീസിന്ന് ചീത്തപ്പേരുണ്ടാകു ന്നത് ഒഴിവാക്കാനായി ഇത്തരം ദണ്ഡ നമുറകളെ മൂടിവയ്ക്കുന്നു. പോലീസ് കസ്റ്റഡിയിൽ വച്ച് ഒരാൾ മരിച്ചാൽ അത് അപകടമരണമാണെന്നോ ആത്മ ഹത്യയാണെന്നോ പറയും. ഒരു പോലീസ് മേധാവിക്കും അതിലൊരു മനസ്സാക്ഷിക്കുത്തും തോന്നാറില്ല. പോലീസിൽ മുപ്പത്താറുകൊല്ലം സേവ നമനുഷ്ഠിച്ചതിന്നിടയിൽ ഈ ലേഖകൻ പോലീസ് മേധാവിമാരുടെ ഒട്ടേറെ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. പോലീസുകാരുടെ മൂന്നാംമുറ പ്രയോഗം ഒരൊറ്റ യോഗ ത്തിൽപോലും ചർച്ചാവിഷയമായിട്ടില്ല.

പോലീസ് മേധാവിമാർകാണിക്കുന്ന അലസമനോഭാവംമൂലം പോലീസിന്റെ മർദ്ദനമുറകൾ സർവ്വവ്യാപകമായിരിക്കു കയാണ്. തങ്ങൾ എന്തുചെയ്താലും മേലുദ്യോഗസ്ഥൻമാർ രക്ഷിച്ചുകൊള്ളു മെന്ന് പോലീസുകാർ കരുതുന്നു.

പോലീസിന്റെ സ്വഭാവരൂപീകരണം നടത്തുന്നതും പ്രവർത്തനശൈലി രൂപ പ്പെടുത്തുന്നതും പരിശീലന വേളയിലാ ണ്. തൊഴിൽപരമായ വൈദഗ്ധ്യം ആർജ്ജിക്കൽ, നിയമജ്ഞാനം നേടൽ, നിയമപരമായ നടപടിക്രമങ്ങൾ മനസ്സി ലാക്കൽ, മനുഷ്യാവകാശങ്ങളെ ആദ രിക്കാൻ പഠിക്കൽ എന്നിവയൊക്കെ യാണ് പോലീസ് പരിശീലനം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഇന്ത്യയിലെ പോലീസ് പരിശീലന കേന്ദ്രങ്ങളിലെ അന്തരീക്ഷം പരമസാ ധുവിനെപ്പോലും മുഠാളനാക്കിമാറ്റും. പണ്ടെന്നോ കാലഹരണം വന്നുകഴി ഞ്ഞതാണ് ഇവിടത്തെ പരിശീലനരീതി കൾ. ഒന്നിനും കഴിവില്ലാത്ത ഒരുജോ ലിക്കും കൊള്ളരുതാത്ത മുഷ്കന്മാ രായ പോലീസ് ഉദ്യോഗസ്ഥൻമാരെ യാണ് പോലീസ് പരിശീലനകേന്ദ്രങ്ങ ളിലേക്ക് തള്ളിവിടുന്നത്.

പരിശീലനം മോശമാകുമ്പോൾ, പോലീസുകാർക്ക് കുറ്റാന്വേഷണ വൈദഗ്ധ്യമില്ലാതാകും. അപ്പോൾ കുറ്റാന്വേഷണത്തിന്ന് മർദ്ദനമുറകൾ അവലംബിക്കും. പരിശീലനമെന്നുപറ യുന്നത് ഒരു സ്ഥാപനത്തിന്റെ മനുഷ്യ വിഭവ വികസന തന്ത്രമാണ്. അത് പോലീസ് മേധാവിമാരുടെ നേരിട്ടുള്ള ഉത്തരവാദിത്വത്തിലാകണം. പക്ഷെ പോലീസ് മേധാവിമാർ ഇതിനെ പാടെ അവഗണിക്കുന്നു. ഒന്നിനും കൊള്ള രുതാത്ത പോലീസ് ഉദ്യോഗസ്ഥൻമാരെ പരിശീലകരായി നിയോഗിക്കുന്നു. പരി ശീലനകേന്ദ്രങ്ങളിൽ യാതൊരുവിധ ⇨

# നീതിന്യായമേഖലയിലെ അഴിമതി

ഇന്ത്യയിലെ അഴിമതിയുടെ ആഴത്തെപ്പറ്റി ട്രാൻസ്പാരൻസി ഇന്റർനാഷണലും ദൽഹിയിലെ മീഡിയാ സ്റ്റഡീസ് സെന്ററും ചേർന്ന് 2005 ൽ ഒരു പഠനം നടത്തിയിരുന്നു. അതിന്റെ പൊതുവായ ഒരവലോകനം അന്നുതന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ പൊതുവിതരണ മേഖല വിദ്യാഭ്യാസമേഖല നീതിന്യായമേഖല തുടങ്ങിയ മേഖല തിരിച്ചുള്ള വിവരങ്ങൾ ഈയിടെയാണ് പുറത്തുവിട്ടത്.

ഇന്ത്യയിൽ ഒരു കൊല്ലം കൈക്കൂലി നൽകാനായി 21,068 കോടി രൂപ ചെലവാക്കുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 2630 കോടി രൂപ നീതിന്യായമേഖലയിലാണ് കൈമാറുന്നത്. ഇന്ത്യ

---

ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്താറുമില്ല.

ആത്യന്തിക വിശകലനത്തിൽ പോലീസ് മർദ്ദനമെന്നത് പോലീസിന്റെ സംഘടനാപരമായ പരാജയമാണ്. പോലീസ് മേധാവിമാർ കാണിക്കുന്ന അലസതയും പരിശീലനകാര്യത്തിലെ അവഗണനയും ശരിയായ മേൽനോട്ടമില്ലായ്മയുമെല്ലാം ഇതിന്നുവളംവയ്ക്കുന്നു. കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന്ന് കാലഹരണം വന്ന സമ്പ്രദായങ്ങളും ആശയങ്ങളുമാണ് ഇന്നും അനുവർത്തിച്ചുവരുന്നത്. പ്രാകൃതമായ പോലീസ് രീതികൾമൂലം കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നത് കുറഞ്ഞുവരുന്നു; പോലീസിന്റെ കാര്യക്ഷമത ക്ഷയിച്ചുവരുന്നു; ഇതിന്റെയെല്ലാം ഫലമായി നിയമപാലകർ നിയമം കയ്യിലെടുക്കുന്നു. പോലീസിന്റെ കിരാതത്വവും അഴിമതിയും അങ്ങേയറ്റം നിരാശാവഹമാണ്; പക്ഷെ അതൊരു രോഗലക്ഷണം മാത്രമാണ്. മേധാവിമാർക്ക് നിയന്ത്രണശക്തി നഷ്ടപ്പെട്ടിരിക്കുന്നുവെന്നതാണ് യഥാർത്ഥ പ്രശ്നം.

ഈയിടെ ഐ.പി.എസ്സിൽ പെട്ട 50 ഓഫീസർമാർക്ക് ഒരു ചോദ്യാവലി നൽകി. കേസന്വേഷണത്തിൽനിന്ന് മൂന്നാംമുറ ഒഴിവാക്കാൻ എന്താണ് മാർഗ്ഗമെന്നതായിരുന്നു ചോദ്യം. ആകെ 14 നിർദ്ദേശങ്ങളാണ് അവർ നൽകിയത്. അതിൽ പതിനൊന്നും പോലീസിന്നകത്തെ ഘടനാപരമായ പരിഷ്കരണമായിരുന്നു. മെച്ചപ്പെട്ട പരിശീലനം, ശാസ്ത്രീയമായ കേസന്വേഷണരീതി, നിയമവിരുദ്ധമായി തടങ്കലിൽ വയ്ക്കുന്നത് അവസാനിപ്പിക്കൽ, കുറ്റകൃത്യങ്ങളുടെ എണ്ണത്തിന്റെ ഏറ്റക്കുറച്ചിൽ നോക്കി പോലീസിന്റെ പ്രവർത്തനത്തെ വിലയിരുത്തുന്നരീതി ഉപേക്ഷിക്കൽ, മനുഷ്യാവകാശങ്ങളെക്കുറിച്ച് ബോധവൽകരണം, കേസന്വേഷണത്തിൽ മെച്ചപ്പെട്ട നിർദ്ദേശങ്ങൾ നടപ്പാക്കൽ, അനാവശ്യ അറസ്റ്റ് ഒഴിവാക്കൽ എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ.

മൂന്നാംമുറ എന്നത് പോലീസിന്റെ സംഘടനാപരമായൊരു പ്രശ്നമാണ്. പോലീസ് മേധാവിമാർ വിചാരിച്ചാൽ അതിന്നു തടയിടാൻ കഴിയും. കോടതിക്കോ മനുഷ്യാവകാശ കമ്മീഷനോ ഇതിൽ കാര്യമായൊന്നും ചെയ്യാനാവില്ല.

(ഐ.പി.എസ് ൽ നിന്ന് റിട്ടയർ ചെയ്ത യതീന്ദ്ര സിങ് ഇപ്പോൾ പോലീസിന്റെ മനുഷ്യാവകാശ ധ്വംസനങ്ങളെക്കുറിച്ച് ജവഹർലാൽ നെഹ്റു യൂനിവേഴ്സിറ്റിയിൽ ഗവേഷണം നടത്തിവരികയാണ്.)

യിലെ കുടുംബങ്ങളിൽ 13.37 ശതമാനത്തിന്ന് ഏതെങ്കിലും ആവശ്യത്തിന്നായി കോടതിയെ സമീപിക്കേണ്ടിവരുന്നുണ്ട്. ഇതിൽ 74 ശതമാനവും സിവിൽ കേസുകളാണ്. സർവ്വേയിൽ പങ്കെടുത്തവരിൽ 79 ശതമാനവും നീതിന്യായ മേഖലയിൽ അഴിമതി നടമാടുന്നതായി കരുതുന്നവരാണ്.

കീഴ്ത്തട്ടിലെ ജഡ്ജിമാർക്കിടയിലാണ് അഴിമതി അധികം നടമാടുന്നത്. എല്ലാകോടതികളിലും ആയിരക്കണക്കിന്ന് കേസുകൾ കെട്ടിക്കിടപ്പുണ്ട്; കുറച്ചുകാശു ചെലവാക്കിയാൽ കേസ് വേഗം വിചാരണക്കുവരും കേസുമായി ബന്ധമില്ലാത്ത പലതും കോടതിവഴി നടത്തേണ്ടതുണ്ട്. കാര്യം വേഗം ശരിപ്പെടുത്തുന്നതിന്ന് ആളുകൾ ഇടനിലക്കാരെ നിർത്തുന്നു. കേസിൽപെട്ട പ്രതികൾക്ക് ജാമ്യം അനുവദിക്കേണ്ടത് കോടതിയാണ്. ഇവിടെ ജഡ്ജിമാർക്ക് വിവേചനാധികാരം ഉപയോഗിക്കാൻ കഴിയും. സാക്ഷികളെ പാട്ടിലാക്കി കേസിന്റെ ഗതി തിരിച്ചുവിടാനും സാധ്യതകളേറെയുണ്ട്. ഇതിനെല്ലാം ധാരാളം പണം ചെലവാക്കണം.

ഒച്ചുപോലെ നീങ്ങുന്നതാണ് ഇന്ത്യയിലെ കോടതികൾ. പാവങ്ങൾക്കിവ അപ്രാപ്യമാണ്. കേസ് നടത്തുകയെന്നത് ചെലവേറിയ ഒരു ഏർപ്പാടാണ്. കുറച്ചുകാലം മുമ്പ് മുംബായിലെ ഒരു മജിസ്രേട്ട് രാഷ്ട്രപതിക്കും ഉപരാഷ്ട്രപതിക്കും എതിരായി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിരുന്നു. മജിസ്രേട്ടിന് 40,000 രൂപ നൽകിയാണത്രെ ഈ വാറണ്ട് സംഘടിപ്പിച്ചത്. രാഷ്ട്രപതി ഉൾപ്പെട്ട പ്രശ്നമാകയാൽ ഇത് വാർത്തയായി. എന്നാൽ ഒരാളുമറിയാത്ത കേസുകൾ ഏറെയുണ്ട്; കാശുണ്ടോ, അറസ്റ്റുവാറണ്ട് റെഡി!

ഒരു കേസ് കോടതിയിലെത്തിയാൽ, അതിലൊരു അവസാനതീരുമാനമുണ്ടാകാൻ കാലമേറെവേണം. അശാസ്ത്രീയവും സങ്കീർണ്ണവുമായ നടപടിക്രമങ്ങളാണ് ഇതിന്റെ ഒരു കാരണം. കാലതാമസത്തിന്റെ കൂടപ്പിറപ്പാണ് അഴിമതി. രണ്ടരകോടി കേസുകളെങ്കിലും ഇപ്പോൾ കോടതികളിൽ കെട്ടിക്കിടപ്പുണ്ട്. സർവ്വേയിൽ പങ്കെടുത്തവരിൽ 59 ശതമാനവും വക്കീൽമാർക്കാണ് കൈക്കോഴ നൽകിയത്. അഞ്ചുശതമാനംപേർ ജഡ്ജിമാർക്കും 30 ശതമാനം പേർ കോടതി ജീവനക്കാർക്കും പണം നൽകിയതായി കണ്ടു.

ഒരാൾ ഹൈക്കോടതിയിലോ സുപ്രീംകോടതിയിലോ ജഡ്ജിയായി നിയമിതനായിയാൽ പിന്നെ അയാൾക്കെതിരെ ഒരു നടപടിയെടുക്കാനും കഴിയില്ല. ഭരണഘടന പ്രകാരം ജഡ്ജിമാരെ ഇംപീച്ച് ചെയ്ത് പുറത്താക്കാം. പക്ഷെ അത് പ്രായോഗികമല്ല. 1992 ൽ ജസ്റ്റീസ് വി. രാമസ്വാമിയെ ഇംപീച്ച് ചെയ്യാൻ ഒരു ശ്രമം നടന്നു. പക്ഷെ അതു വിജയിച്ചില്ല. അതിന്നുമുമ്പോ ശേഷമോ ഒരു ജഡ്ജിയേയും ഇംപീച്ച് ചെയ്യാൻ ശ്രമം നടന്നിട്ടില്ല.

കോടതിയിൽ പോകുന്നവരിൽ 57 ശതമാനത്തിന്നു കൊല്ലത്തിൽ നാലു തവണയെങ്കിലും കോടതിയിൽ പോകേണ്ടിവരുന്നുണ്ട്. കേസ് വിചാരണക്കെടുത്ത് നീട്ടിവയ്ക്കുന്നതാണ് ഇതിന്റെ പ്രധാനകാരണം. എതിർകക്ഷിയുടെ വക്കീൽ ആവശ്യപ്പെട്ടതുകൊണ്ടും ജഡ്ജി അവധിയിലായതുകൊണ്ടുമാണ് കേസ് വിചാരണ അറ്റമില്ലാതെ നീണ്ടുപോകുന്നത്.

❑

കവർസ്റ്റോറി

# കൊലപാതകം: മൂന്നു പോലീസ് മേധാവിമാർ അറസ്റ്റിൽ

- ഡിയോൻ ബുൻഷ -

**അ**ഹമ്മദാബാദിനടുത്ത് ഒരു കൃത്രിമ ഏറ്റുമുട്ടൽ സൃഷ്ടിച്ച് മൂന്നു പേരെ കൊന്നുകളഞ്ഞുവെന്നതിന് ഏപ്രിൽ 24ന്ന് മൂന്ന് പോലീസ് ഉദ്യോഗസ്ഥൻമാരെ അറസ്റ്റ് ചെയ്തതോടെ ഒരുപാട് ദുഷ്കൃത്യങ്ങളുടെ കഥ പുറത്തുവന്നിരിക്കുകയാണ്. ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിക്കും മറ്റു ചില ബി.ജെ.പി. നേക്കൾക്കും ഇതിലുള്ള പങ്കിനെക്കുറിച്ചും സംശയം ജനിച്ചിട്ടുണ്ട്. മറ്റു ഏറ്റുമുട്ടൽ മരണങ്ങളും ഇത്തരത്തിലുള്ള കൃത്രിമ സൃഷ്ടികളാണോ എന്ന സംശയവും ഉണർന്നിട്ടുണ്ട്.

ഗുജറാത്തിലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഡി.ജി. വെഞ്ജാറ, രഹസ്യാന്വേഷണ വിഭാഗത്തിലെ പോലീസ് സൂപ്രണ്ട് രാജകുമാർ പാണ്ഡ്യൻ, രാജസ്ഥാനിലെ ഒരു പോലീസ് സൂപ്രണ്ടായ ദിനേശ്കുമാർ എന്നിവരാണ് അറസ്റ്റ്ചെയ്യപ്പെട്ട പോലീസ് മേധാവിമാർ. 2005 നവമ്പർ 26ന്ന് അഹമ്മദാബാദ് നഗരപരിസരത്തിൽ നടന്ന ഒരു ഏറ്റുമുട്ടലിൽ മൂന്നുപേർ കൊല്ലപ്പെട്ടുവെന്നാണ് കേസ്. സഹ്റാബുദീൻഷേഖ് അയാളുടെ ഭാര്യ കൗസർ ബാനോ, തുളസീറാം പ്രജാപതി എന്നിവരാണ് കൊല്ലപ്പെട്ടവർ.

2005 ൽ വഞ്ജാറയും പാണ്ഡ്യനും ഗുജറാത്ത് പോലീസിന്റെ ഭീകരവേട്ടാ സംഘത്തിലെ ഉദ്യോഗസ്ഥൻമാരായിരുന്നു; ദിനേശ്കുമാറാകട്ടെ ഉദയപ്പൂരിലെ പോലീസ് സൂപ്രണ്ടുമായിരുന്നു. സഹറാബുദീൻ ഷേഖ് പാക് ഭീകരസംഘടനയായ ലാഷ്കർ-ഇ-തോഷിബയിൽപെട്ട ആളാണെന്നും, ഗുജറാത്തിലെ രാഷ്ട്രീയ നേതാക്കളെ വധിക്കാൻ പ്ലാനിടുന്നതിന്നിടയിലാണ് അയാൾ സംഘട്ടനത്തിൽ കൊല്ലപ്പെട്ടതെന്നുമാണ് ഗുജറാത്ത് പോലീസ് അവകാശപ്പെട്ടിരുന്നത്.



ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട സഹ്രാബുദ്ദീനും ഭാര്യ കൗസർബീവിയും

സഹ്റാബുദീന്റെ മരണത്തെത്തുടർന്ന് അയാളുടെ സഹോദരൻ ദബാബുദീൻ ഷേഖ് സുപ്രീം കോടതിക്ക് ഒരു കത്തയച്ചു. തന്റെ സഹോദരന്റെ മരണത്തെക്കുറിച്ച് സ്വതന്ത്രമായൊരാന്വേഷണം വേണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ളതായിരുന്നു കത്ത്. കുറച്ചുകാലം കാത്തിരുന്നിട്ടും അനക്കമൊന്നുമില്ലെന്നുകണ്ടപ്പോൾ, 2007 ജനുവരി

യിൽ അദ്ദേഹം ഒരു സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് സുപ്രീം കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചു. സഹ്റാബുദീന്റെ മരണത്തിന്നുശേഷം അയാളുടെ ഭാര്യയെ കാണാതായെന്നും അതിൽ പരാതിപ്പെട്ടിരുന്നു.

ദബാബുദീന്റെ ഹർജി വിചാരണക്കു വരുന്നതിന്ന് മുമ്പുതന്നെ സുപ്രീം കോടതി ഈ കേസിൽ ഇടപെട്ടിരുന്നു. ദബാബുദീൻ 2005 ൽ അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ കേസന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സുപ്രീം കോടതി ഗുജറാത്ത് പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിരുന്നു. ഗുജറാത്ത് പോലീസ് ഡയറക്ടറാകട്ടെ, സി.ഐ.ഡി. ഓഫീസറായ ഗീത ജോഹ്റിയോട് കേസന്വേഷിക്കാൻ ആവശ്യപ്പെട്ടു. 2006 ഡിസംബറിൽ ഗീത സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് ഗുജറാത്തിലെ ഭീകരവേട്ടാസംഘത്തിന്റെ അതിക്രമങ്ങളെ തുറന്നുകാട്ടുന്ന ഒന്നായിരുന്നു. ഇതിനെത്തുടർന്ന് ഗുജറാത്ത് ഗവർമ്മേണ്ട് ഗീതയെ സ്ഥലം മാറ്റുകയും കേസന്വേഷണം തുടരാനായി രജനീഷ് എന്നൊരു പോലീസ് ഉദ്യോഗസ്ഥനെ നിയോഗിക്കുകയും ചെയ്തു. ഗുജറാത്തിൽ നടന്ന പല ഏറ്റുമുട്ടലുകളും കൃത്രിമ സൃഷ്ടിയായിരുന്നുവെന്ന് ഗുജറാത്ത് ഗവർമ്മേണ്ട് ഇപ്പോൾ സുപ്രീം കോടതി മുമ്പാകെ സമ്മതിച്ചിട്ടുണ്ട്.

സഹ്റാബുദീന്റെ വധത്തെക്കുറിച്ച് ഇതിന്നകം പുറത്തുവന്നകാര്യങ്ങൾ ഇവയാണ്: സഹ്റാബുദീൻ യഥാർത്ഥത്തിൽ രാജസ്ഥാൻ കാരനാണ്. ഒട്ടേറെ ക്രമിനൽ കേസുകളിലെ പ്രതിയാണിയാൾ. ഭീഷണിപ്പെടുത്തി പണം തട്ടിയെടുക്കൽ, കൊലപാതകം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയവയാണ് ഇയാൾക്കെതിരായ കേസുകൾ. എന്നാൽ ഭീകരപ്രവർത്തന സംബന്ധമായി ഇയാൾക്കെതിരെ കേസൊന്നുമില്ല. പോലീസിന്നു പിടികൊടുക്കാതെ ഇയാൾ ഒളിവിൽ കഴിയുകയായിരുന്നു.

2005 നവമ്പർ 26ന്ന് ഇയാൾ ഹൈദരാബാദിൽനിന്ന് സാംഗ്ലിയിലേക്ക് ഭാര്യയോടൊപ്പം ബസ്സിൽ യാത്രചെയ്യുകയായിരുന്നു. വെഞ്ജാറയുടെ നേതൃത്വത്തിലുള്ള ഒരു സംഘം പോലീസ് ബൽഗാമിനടുത്തുവച്ച് ബസ് തടഞ്ഞുനിർത്തുകയും സഹ്റാബുദീൻ, ഭാര്യ കൗസർ, പ്രജാപതി എന്നിവരെ പിടിച്ചിറക്കിക്കൊണ്ടുപോകുകയും ചെയ്തു. ഈ പ്രജാപതി ആരാണെന്നു വ്യക്തമല്ല. ഇയാൾ സഹ്റാബുദീന്റ ശിങ്കിടിയാണെന്നും അതേസമയം പോലീസുകാരുടെ ഏജന്റാണെന്നും പറയുന്നുണ്ട്. പ്രജാപതി നൽകിയ രഹസ്യ വിവരമനുസരിച്ചാണ് സഹ്റാബുദീനെ പിടികൂടിയതെന്നും റിപ്പോർട്ടുണ്ട്.

വെഞ്ജാറയും കൂട്ടുകാരും കൂടി സഹ്റാബുദീൻ, ഭാര്യ കൗസർ, പ്രജാപതി എന്നിവരെ അഹമ്മദാബാദിലേക്ക് കൊണ്ടുപോയി. അവിടെവച്ച് നവമ്പർ 26ന്ന് സഹ്റാബുദീനെ കൊന്നു. തങ്ങൾ ഒരു പാക് ഭീകരനെ ഏറ്റുമുട്ടലിൽ കൊന്നതായി ഗുജറാത്ത് പോലീസ് അവകാശപ്പെട്ടു. കൗസറിനെ വെഞ്ജാറയുടെ സ്വദേശമായ ഹിമ്മത് നഗറിൽ കൊണ്ടുപോയി ബലാത്സംഗം ചെയ്തശേഷം കൊന്നുകളഞ്ഞുവെന്നാണ് പറയപ്പെടുന്നത്. ഈ കൃത്രിമ സംഘടനത്തിന്റെ ഏകദൃക്സാക്ഷിയായ പ്രജാപതിയെ 2006 ഡിസംബർ 26ന്ന് കൊന്നുകളഞ്ഞതായി പറയുന്നു.

സഹ്റാബുദീനെ കൃത്രിമ സംഘട്ടനത്തിൽ കൊന്നതാണെന്ന് ഗുജറാത്ത് സി.ഐ.ഡി. ഉദ്യോഗസ്ഥയായ ഗീത ഒന്നര കൊല്ലം മുമ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടും ഗുജറാത്ത് ഗവർമ്മേണ്ട് ഇത്ര കാലവും അനങ്ങാതിരുന്നത് രാഷ്ട്രീയ നേതൃത്വത്തിനും ഇതിൽ പങ്കുണ്ടെന്നതുകൊണ്ടാണെന്ന് സംശയിക്കപ്പെടുന്നു. ⇨

# മൂന്നാംമുറക്കിരയായവരിൽ ചിലരുടെ കഥകൾ

**ഷേർ**ഖാൻ എന്നാണ് കാശ്മീർ പോലീസ് അയാൾക്ക് നൽകിയിരിക്കുന്ന പേര്. 1989 ൽ തീവ്രവാദികൾ ആയുധമെടുത്ത കാലത്ത് ഷേർഖാന്റെ നേതൃത്വത്തിലൊരു സംഘം തീവ്രവാദികൾ പാക്കധീന കാശ്മീരിലേക്ക് പോയിരുന്നു. 1994 ൽ ഷേർഖാനും കൂട്ടരും കാശ്മീരിൽ തിരിച്ചെത്തി. അധികം താമസിയാതെ പോലീസ് പിടികൂടുകയും ചെയ്തു. തുടർന്ന് ചോദ്യം ചെയ്യലായി.

"അവർ ഉടുതുണിയെല്ലാം അഴിച്ചുമാറ്റി മുളവടികൊണ്ട് അടിക്കാൻ തുടങ്ങി. ഞാൻ തിരിച്ചു തല്ലിയപ്പോൾ അവരെന്റെ കയ്യും കാലും കെട്ടി. തലമുടി വടിച്ചുകളഞ്ഞു; മുഖത്ത് ചൂടുവച്ചു. അടുത്ത ദിവസം രാവിലെ ജനനേന്ദ്രിയത്തിൽ വയർ ചുറ്റി ഷോക്കടിപ്പിച്ചു. കുറെനേരം തുടർന്നപ്പോൾ ഞാൻ ബോധംകെട്ടുവീണു" എന്ന് അയാൾ പറയുന്നു. ഇരുപതു ദിവസത്തോളം ഈ മൂന്നാംമുറ തുടർന്നതായി അയാൾ പറയുന്നു. ഒടുവിൽ മലദ്വാരത്തിൽ മുളകുപൊടി കയറ്റുകയും ലിംഗത്തിൽ ഇഷ്ടിക കെട്ടിത്തൂക്കുകയും ചെയ്തു. ഷേർഖാൻ ഇപ്പോൾ ശ്രീനഗറിലെ വലിയൊരു ബിസിനസ്സ് സ്ഥാപനത്തിന്റെ ഉടമയാണ്. ഏഴടി ഉയരമുള്ള അയാളുടെ ശരീരത്തിൽ പലേടത്തും ഇപ്പോഴും വടുക്കെട്ടുകൾ കാണാം. ഷേർഖാൻ ഇപ്പോൾ നല്ലനിലയിൽ ജീവിക്കുന്നു. മൂന്നാംമുറ പ്രയോഗംമൂലം സന്തത്യുല്പാദനശേഷി നഷ്ടപ്പെട്ടുവെന്നതാണ് അയാള അലട്ടുന്ന പ്രധാന പ്രശ്നം.

* * *

ഖലിസ്ഥാൻ കലാപം അടിച്ചമർത്തി പ്രസിദ്ധിനേടിയവരാണ് പഞ്ചാബ് പോലീസ്കാർ. പക്ഷെ ലക്ഷക്കണക്കിന് യുവതീയുവാക്കന്മാർ ഇവരുടെ ചോദ്യംചെയ്യൽ രീതികളെ ഇന്നും ശപിക്കുന്നു.

അകാലിദളം നേതാവായ ലോംഗോവാലിനെ വധിച്ച കേസിൽ 13 കൊല്ലത്തെ തടവുശിക്ഷക്കു വിധിക്കപ്പെട്ട ആളാണ് ബീർ ഇന്ദർപാൽ സിങ്. ഇയാളെ 65 ദിവസം തുടർച്ചയായി ചോദ്യം ചെയ്യുകയുണ്ടായി. തലകീഴായി കെട്ടിതൂക്കുന്നതിന്നു പുറമെ ഉരുട്ടൽ പ്രക്രിയയാണ് ഏറ്റവും ഭീകരമായ മൂന്നാംമുറയെന്ന് അയാൾ പറഞ്ഞു. "എന്നെ പിടിച്ചു മലർത്തിക്കിടത്തി ഏതാണ്ട് 95 കിലോ തൂക്കം വരുന്ന ഒരു ഉരുളൻമരം കാലടിമുതൽ കഴുത്തുവരെ ഉരുട്ടും. ചിലപ്പോൾ

---

ഈ മൂന്നു പോലീസ് ഉദ്യോഗസ്ഥൻമാരെ ഏപ്രിൽ 24ന്ന് അറസ്റ്റ് ചെയ്തത് ഏപ്രിൽ 27ന്ന് സുപ്രീം കോടതിയിൽ കേസ് വിചാരണക്കെടുക്കുമെന്നതുകൊണ്ടായിരുന്നു. സഹറാബുദീനേയും ഭാര്യ കൗസറിനേയും കൊന്നതാണെന്ന് ഗുജറാത്ത് ഗവർമ്മേണ്ട് സുപ്രീം കോടതിയിൽ സമ്മതിച്ചിട്ടുണ്ട്.

ഗുജറാത്തിലെ ഡെ. ഇൻസ്പെക്ടർ ജനറലായ വഞ്ജാറക്ക് മോഡിയുടെ ഗവർമ്മേണ്ടിൽ നല്ല സ്വാധീനശക്തിയുണ്ടെന്നു പറയുന്നു. ഒമ്പതു "ഏറ്റുമുട്ടലു"കളിലായി 15 പേരെ കൊന്ന് ഖ്യാതി നേടിയ ആളാണ് വഞ്ജാറ. ഈ ഏറ്റുമുട്ടലുകളിൽ പലതും കൃത്രിമമാണെന്നു കരുതപ്പെടുന്നു.

രാജസ്ഥാനിലെ പണക്കാരായ മാർബിൾ വ്യാപാരികളെ ഭീഷണിപ്പെടുത്തി പണം പിടുങ്ങുന്ന ആളാണ് ഷേഖെന്നും, ഷേഖിന്റെ "ശല്യം"ഒഴിവാക്കിത്തന്നാൽ 50 ലക്ഷം നൽകാമെന്ന് മാർബിൾ ബിസിനസ്സുകാർ ഏറ്റിരുന്നുവെന്നും റിപ്പോർട്ടുണ്ട്. ❑

ചോദ്യം ചെയ്യുന്നവരിൽ ഒരാൾ അതിന്മേൽ കയറിനിൽക്കും" എന്ന് അയാൾ പറഞ്ഞു.

ഇത്തരം ദണ്ഡനമുറകൾ ഇടക്കെല്ലാം പതിവുണ്ടെന്ന് അമൃതസരസ്സിലെ ഒരു അസ്ഥിരോഗ വിദഗ്ധൻ സ്ഥിരീകരിക്കുന്നുണ്ട്. വൃക്കകളെ തകർക്കുന്നുവെന്നതാണ് ഇതിന്റെ ഏറ്റവും വലിയ കെടുതി.

* * *

ആസാമിലെ വിമോചന മുന്നണിയുടെ അതിക്രമങ്ങൾക്കെതിരെ പട്ടാളനടപടി ആരംഭിച്ചത് 1990-ലാണ്. അന്ന് ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടവരിലൊരാൾ ജൂവൽ ഗൊഗൊയ് ആയിരുന്നു. പട്ടാളം നിരന്തരം ചോദ്യം ചെയ്തിട്ടും ഗൊഗൊയിയിൽനിന്ന് ഒരു വിവരവും ലഭിച്ചില്ല. ക്ഷോഭിച്ച പട്ടാളക്കാർ അയാളുടെ കാലുതല്ലിയൊടിച്ചു. ഗൊഗൊയിക്ക് ഇന്നും നടക്കാനാവില്ല.

മണിപ്പൂരിൽ സായുധസേന നിയമത്തിന്നെതിരായ പ്രതിഷേധ ഘോഷയാത്രയെ നയിച്ച എൽ. ഉമാകാന്തിനെ പോലീസ് ഒരു ദിവസം അറസ്റ്റ് ചെയ്തു. ഭീകരരെ സഹായിച്ചു എന്നകുറ്റമാണ് അദ്ദേഹത്തിന്റെ മേൽ ചുമത്തിയത്. അതിഭീകരമായ മൂന്നാംമുറകൾ തനിക്കെതിരെ പ്രയോഗിച്ചതായി ഉമാകാന്ത് പറയുന്നു.

* * *

കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് 395 ലോക്കപ്പ് മരണങ്ങളുണ്ടായതായി നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോ പറയുന്നു. ഇത് ഔദ്യോഗിക കണക്കുമാത്രമാണ്. റിപ്പോർട്ട് ചെയ്യപ്പെടാത്ത കസ്റ്റഡി മരണങ്ങൾ വേറെയും ഉണ്ടാകും.

2005 ൽ ഇന്ത്യയിലാകെ 144 ലോക്കപ്പ് മരണങ്ങളുണ്ടായി. ലോക്കപ്പ് മരണകാര്യത്തിൽ ഒന്നാം സ്ഥാനത്ത് ആന്ധ്രയാണ്-2005ൽ 55 ലോക്കപ്പ് മരണം. 21 ലോക്കപ്പ് മരണങ്ങൾ വീതം കണക്കിലുള്ള മഹാരാഷ്ട്രവും ഗുജറാത്തും രണ്ടാം സ്ഥാനം പങ്കിടുന്നു.

ആന്ധ്രയിലെ 55 ലോക്കപ്പ് മരണം സംബന്ധിച്ചും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഒരൊറ്റ കേസിൽപോലും കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കുറ്റപത്രമില്ലാത്തതിനാൽതന്നെ കോടതിക്ക് ഒന്നും ചെയ്യാനുമാവില്ല.

അത്ഭുതമെന്നുപറയട്ടെ, 2005 ൽ യു. പി. യിൽ ആകെ 14 ലോക്കപ്പ് മരണങ്ങളേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ആന്ധ്രയിൽ ഒരൊറ്റ പോലീസ്കാരനെതിരായിപ്പോലും കുറ്റപത്രം സമർപ്പിച്ചിട്ടില്ലെങ്കിൽ, യു.പി. യിൽ 12 പോലീസുകാർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ലോക്കപ്പ് മരണം സംബന്ധിച്ച മൂന്നു കേസുകളിലായിട്ടാണ് 12 പേർ ശിക്ഷിക്കപ്പെട്ടത്.

അറസ്റ്റ് ചെയ്ത് കോടതിയ്ൽ ഹാജരാക്കിയ ശേഷമാണ് ലോക്കപ്പ് മരണം സംഭവിക്കുന്നതെങ്കിൽ, പോലീസിന്നെതിരെ കേസ്സെടുക്കാൻ പറ്റും. എന്നാൽ മിക്കപ്പോഴും അറസ്റ്റ് രേഖപ്പെടുത്തുന്നതിനുമുമ്പാണ് ലോക്കപ്പ് മരണം ഉണ്ടാകുന്നത്. അപ്പോൾ പോലീസിന്നെതിരെ കേസുണ്ടാവില്ല.

2003 ലെ ലോക്കപ്പ് മരണങ്ങളിൽ 61 എണ്ണവും കസ്റ്റഡി മരണമാണ്; അറസ്റ്റ് ചെയ്തതായി രേഖപ്പെടുത്തുകയോ മജിസ്ട്രേട്ട് മുമ്പാകെ ഹാജരാക്കുകയോ ചെയ്യുന്നതിനുമുമ്പ് നടന്ന മരണങ്ങളാണിവ. 2004 ൽ 49 പേരും 2005 ൽ 61 പേരും ഇങ്ങനെ കൊല്ലപ്പെടുകയുണ്ടായി.

ഇതൊക്കെ ഔദ്യോഗിക കണക്കാണ്. ആരുമേതുമറിയാതെ നടത്തുന്ന ലോക്കപ്പ് മർദ്ദനങ്ങളും മരണങ്ങളും എത്രയുണ്ടാകുമെന്ന് ഊഹിക്കാനേ കഴിയൂ.

ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ച് സുപ്രീം കോടതി സുനിശ്ചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ അതാരും ഇപ്പോഴും പാലിക്കാറില്ല. ഇത് അറസ്റ്റ് ചെയ്താലത്തെ കാര്യമാണ്. അറസ്റ്റ് ചെയ്യാതെ കസ്റ്റഡിയിലെടുത്താൽ സംഭവിക്കുന്നതെന്താകുമെന്ന് അപ്പോൾ ഊഹിക്കുകയേ നിവർത്തിയുള്ളൂ. ❑

# ബംഗാളിൽ ഇടതും വലതും സ്ഥാനങ്ങൾ കൈമാറുന്നു

- സിദ്ധാർത്ഥ ശ്രീവാസ്തവ -

**ബ**ംഗാളിൽ സങ്കുചിത രാഷ്ട്രീയത്തിന്റെ വികലമായൊരു അരങ്ങേറ്റം നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ സിംഗൂരിൽ ഇന്ത്യയിലെ ഏറ്റവും വലിയ കമ്പനികളിൽ രണ്ടാംസ്ഥാനത്തുള്ള ടാറ്റാമാർക്ക് ഒരു കാർ ഫാക്ടറി സ്ഥാപിക്കാനായി ഏതാണ്ട് ആയിരം ഏക്കർ ഭൂമി ഇടതുപക്ഷ ഗവർമ്മേണ്ട് അക്വയർ ചെയ്തിരിക്കുന്നു.

വിരോധാഭാസമെന്നുപറയട്ടെ, കേന്ദ്ര ഗവർമ്മേണ്ടിന്റെ സാമ്പത്തിക നയ പരിഷ്കാരങ്ങളെ എതിർക്കുകയും ചെറുക്കുകയും ചെയ്യുന്നവരാണ് ഇടതുപക്ഷ കക്ഷികൾ; അവരാണിപ്പോൾ അതേ സാമ്പത്തിക നയപരിഷ്കാരങ്ങൾ ബംഗാളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതേ സമയം കേന്ദ്രത്തിൽ സാമ്പത്തിക നയപരിഷ്കാരങ്ങൾ നടപ്പാക്കുന്ന കോൺഗ്രസ്സും ബി.ജെ.പി.യും ബംഗാളിൽ അതിനെ എതിർക്കുന്നു! കേന്ദ്രത്തിലാകട്ടെ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ടിന്റെ നിലനിൽപുതന്നെ ഇടതുമുന്നണിയെ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു.



നിറയെ ഉച്ചഭാഷിണികൾ; പക്ഷെ കേൾക്കാൻ ആളില്ല. ബംഗാൾ കർഷകസഭ കൽക്കത്തയിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാർചാർജി - ശുഷ്കമായ സദസ്സ് ശ്രദ്ധിക്കുക.

തൃണമൂൽ കോൺഗ്രസ്സിന്റെ നേതാവായ മമതാ ബാനർജിയുടെ കലിതുള്ളൽ പണ്ടേ പ്രസിദ്ധമാണ്. ഇടതുമുന്നണിയെ അടിക്കാൻ കിട്ടിയ വടിയൊന്നും അവർ പാഴാക്കാറില്ല. പാവങ്ങളെ ചൂഷണം ചെയ്യാൻ കച്ച കെട്ടിയിറങ്ങിയിരിക്കുന്ന മുതലാളിമാർ

ഇടതുമുന്നണിയെ കീശയിലാക്കിയിരിക്കുന്നതായി മമത പറയുന്നു.

ഇടത് മുന്നണിയാകട്ടെ അവരുടെ മുതലാളിത്ത നയങ്ങളെ ശക്തിയായി ന്യായീകരിക്കുന്നു. ഇവർ പ്രധാനമന്ത്രിയുടേയും കേന്ദ്ര ധനകാര്യ മന്ത്രിയുടേയും അതേ ഭാഷയിലാണ് സംസാരിക്കുന്നത്.

വ്യവസായശാലകൾ സ്ഥാപിക്കാൻ നമുക്ക് ഭൂമിവേണം. മുതലാളിത്തരാജ്യമായാലും ശരി സോഷ്യലിസ്റ്റ് രാജ്യമായാലും ശരി, കൃഷിയെ മാത്രം ആശ്രയിച്ച് പുരോഗമിക്കാനാവില്ല. "കൃഷിയിൽനിന്ന് വ്യവസായത്തിലേക്ക്, ഗ്രാമത്തിൽനിന്ന് നഗരത്തിലേക്ക്- വികസനത്തിലേക്കും നാഗരികതയിലേക്കുമുള്ള മാർഗ്ഗം അതാണ്" എന്ന് ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ പറയുന്നു. കേന്ദ്രത്തിലെ കോൺഗ്രസ്സുകാരായ മന്ത്രിമാർ പറയുന്നതും ഇതുതന്നെയാണെന്നോർക്കുക.

കേന്ദ്രഗവർമ്മേണ്ടിന്റെ സാമ്പത്തിക നയപരിഷ്കാരങ്ങളെ രൂക്ഷമായി എതിർത്തുവരുന്ന മാർക്സിസ്റ്റ് നേതാവായ സീതാറാം യെച്ചൂരി ബംഗാൾ ഗവർമ്മേണ്ടിന്റെ നയങ്ങളെ പ്രകീർത്തിക്കുന്നവരിൽ ഒന്നാമനാണ്. "ബന്ധപ്പെട്ടവർക്കെല്ലാം ഞങ്ങൾ നഷ്ടപരിഹാരം നൽകുന്നുണ്ട്. അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ട്. ഒരാളേയും നിർബന്ധിച്ച് കുടിയിറക്കുന്നില്ല. ജനങ്ങൾ ക്യൂനിന്ന് നഷ്ടപരിഹാരത്തിന്നുള്ള ചെക്കു കൈപ്പറ്റിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ ഈ ഇടപാടിൽ സന്തുഷ്ടരാണ്." എന്ന് യച്ചൂരി പറയുന്നു. തീർന്നില്ല. ബംഗാളിൽ കോൺഗ്രസ്സിന്റെ ഇരട്ടത്താപ്പ് വ്യക്തമാകുന്നതായും അദ്ദേഹം ആരോപിക്കുന്നു. "സാമ്പത്തികനയപരിഷ്കാരങ്ങളെ ഇടതുപക്ഷക്കാർ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നാണ് കോൺഗ്രസ്സ് കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ യഥാർത്ഥമായും സാമ്പത്തിക പരിഷ്കാരം നടപ്പാക്കുന്നിടത്ത്, അവരതിനെ എതിർക്കുന്നു" എന്ന് യച്ചൂരി ചൂണ്ടിക്കാട്ടുന്നു!

ഇതേ യച്ചൂരിതന്നെ ഹരിയാനയിലേയും രാജസ്ഥാനിലേയും മധ്യപ്രദേശിലേയും ഗവർമ്മേണ്ടുകളെ ഭൂമി തട്ടിപ്പറിക്കുന്നവയായി കുറ്റപ്പെടുത്താറുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ മേഖലാസ്ഥാപനമായ റിലയൻസിന്ന് ഹരിയാനാ ഗവർമ്മേണ്ട് പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാനായി 30,000 ഏക്കർ ഭൂമിയാണ് നൽകുന്നത്. ഈ ബഹുമുഖ പദ്ധതിയിൽ റിലയൻസ് 40,000 കോടി രൂപ നിക്ഷേപിക്കാൻ പ്ലാനിട്ടിട്ടുണ്ട്.

ഇങ്ങനെയെല്ലാമാണെങ്കിലും, മുഖ്യമന്ത്രി ബുദ്ധദേവ് പറയുന്നതിലും സീതാറാം യച്ചൂരി പറയുന്നതിലും കുറെ കാര്യമുണ്ട്. ഇന്ത്യൻ കാർഷിക മേഖല സ്തംഭിച്ചുകിടപ്പാണ്. ഇന്ത്യയിലെ 100 കോടി ജനങ്ങളിൽ 60 കോടിയും കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. എന്നാൽ മൊത്തം ദേശീയോത്പാദനത്തിന്റെ നാലിലൊന്നു പോലും കൃഷിയിൽനിന്നു കിട്ടുന്നില്ല. അതായത് ഉത്പാദനക്ഷമത തീരെയില്ല. കർഷകർ യഥാർത്ഥത്തിൽ തൊഴിൽ രഹിതരാണ്.

ഇന്ത്യയുടെ സാമ്പത്തിക വളർച്ച 9.2 ശതമാനമാണെന്ന് ധനമന്ത്രി ചിദംബരം അവകാശപ്പെടുന്നു. എന്നാൽ കാർഷിക മേഖലയിലെ വളർച്ചാനിരക്ക് 1.7 ശതമാനമായി ഇടിഞ്ഞിരിക്കുകയാണ്. കൃഷിയെ ആശ്രയിച്ചുകഴിയുന്നവരുടെ സ്ഥിതി മെച്ചപ്പെടുത്താനുള്ള ഒരേഒരു മാർഗ്ഗം, അവരെ വ്യവസായ സേവന മേഖലയിലേക്ക് മാറ്റുക എന്നതാണ്. അതാണ് മഖ്യമന്തി ബുദ്ധദേവ് പറയുന്നതും.

നഷ്ടപരിഹാരത്തെപ്പറ്റി യച്ചൂരി പറഞ്ഞത് ബംഗാളിന്നു മാത്രമല്ല, മറ്റു ⇨

# ഏറ്റെടുക്കുന്ന കൃഷിഭൂമിക്ക് വിലമാത്രം നൽകിയാൽപോരാ

**- അന്തരാദേവ് സെൻ -**

വ്യവസായവൽക്കരണത്തിന്നായി കൃഷിഭൂമി അക്വയർ ചെയ്യാനുള്ള ശ്രമത്തെത്തുടർന്ന് ബംഗാളിലെ സിംഗൂരിലുണ്ടായ കുഴപ്പത്തിന്നുശേഷം കലാപമുണ്ടായത് നന്ദിഗ്രാമത്തിലാണ്. എന്നാൽ സിംഗൂരിൽനിന്നും തികച്ചും വ്യത്യസ്ഥമായിരുന്നു നന്ദിഗ്രാമത്തിലെ സ്ഥിതി. സിംഗൂരിൽ തൃണമൂൽ കോൺഗ്രസ്സിന്റെ നേതാവായ മമതാ ബാനർജി നടത്തിയ ഉപവാസ പ്രഹസനമായിരുന്നു പ്രശ്നമെങ്കിൽ നന്ദിഗ്രാമിൽ ഭൂമി അന്യാധീനപ്പെടുന്ന പ്രശ്നമായിരുന്നു പ്രധാനം. ഭൂമി അക്വയർചെയ്യുന്നതിലെ കള്ളക്കളികൾ, കർഷകരുടെ പുരനധിവാസം എന്നിവ വലിയ പ്രശ്നങ്ങളായി വളർന്നുവന്നു.

ബംഗാളിലെ ജനകീയ പ്രക്ഷോഭണത്തെത്തുടർന്ന് കേന്ദ്രഗവർമ്മേണ്ട് കൃഷിഭൂമി അക്വയർ ചെയ്യുന്നതിന്ന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബംഗാൾ ഗവർമ്മേണ്ടാകട്ടെ ഒരു ഭൂപടം തയ്യാറാക്കാമെന്ന് ഏൽക്കുകയും ചെയ്തിരുന്നു. ഈ ഭൂപടത്തിൽ ഭൂമിയെ കൃഷിഭൂമി, കൃഷിക്കുയോജിക്കാത്ത ഭൂമി, വനഭൂമി, തരിശുഭൂമി എന്നിങ്ങനെ പലതായി തരംതിരിക്കും. ഏതായാലും വ്യവസായവൽക്കരണത്തിലൂടെയുള്ള സാമ്പത്തിക വികസനമെന്ന പ്രശ്നവും കർഷകരുടെ ഉപജീവന പ്രശ്നവും തമ്മിൽ നടന്നിരുന്ന കോർത്തുവലി ഒരു ഒത്തുതീർപ്പിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

നന്ദിഗ്രാമിലെ സംഘട്ടനത്തിൽ എത്രപേർ മരിച്ചുവെന്നതിനെച്ചൊല്ലി തർക്കമുണ്ട്. ഭരണമുന്നണിയായ ഇടതുമുന്നണിക്കകത്തുതന്നെ അക്വിസിഷൻ

---

സംസ്ഥാനങ്ങൾക്കും ബാധകമാണ്. ഗവർമ്മേണ്ടുകളും വ്യവസായികളും കമ്പോളവിലയേക്കാൾ വളരെ കൂടിയ വിലയാണ് നൽകിവരുന്നത്. മുഖ്യധാരാ പത്രങ്ങളിലെ റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നതും, ഹരിയാനയിലെ കർഷകരുമായി നേരിട്ട് സംസാരിച്ചതിൽനിന്ന് ഗ്രഹിക്കാൻ കഴിഞ്ഞതും, നഷ്ടപരിഹാരക്കാര്യത്തിൽ കർഷകർ സന്തുഷ്ടരാണെന്നതാണ്. ബംഗാളിലെ സിംഗൂരിൽ ടാറ്റാ മാർക്കുവേണ്ടി എടുത്ത ഭൂമിക്ക് കമ്പോളവിലയുടെ പത്തിരട്ടിയിലേറെ നൽകിയിട്ടുണ്ട്.

കൈവിട്ട ഭൂമിക്ക് കനത്തവില കിട്ടിയെന്നതിനാൽ, പല കർഷകരും മറ്റുസ്ഥലങ്ങളിൽ കുറഞ്ഞ വിലക്ക് ഭൂമി വാങ്ങിവരുന്നു. മറ്റു ചിലർ പ്രത്യേക സാമ്പത്തിക മേഖലയോട് ചേർന്ന് അനുബന്ധ വ്യവസായങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചുവരുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽ തൊഴിൽ കിട്ടാനും സാധ്യതയുണ്ട്. വാസ്തവത്തിൽ പുതിയൊരു ഗ്രാമീണ സമ്പന്ന വർഗ്ഗം വളർന്നുവന്നിരിക്കുന്നു. ഹരിയാനയിൽ പല ഗ്രാമീണരും ഇപ്പോൾ കാറുടമകളാണ്.

കർഷകരുടെ കാര്യം കുശാലായിട്ടുണ്ടെങ്കിലും ഭൂരഹിത കർഷക തൊഴിലാളികളും പങ്കുപാട്ടക്കാരും ഗതികേടിലായിട്ടുണ്ടെന്നത് ശരിയാണ്. ഭൂമി പോയതോടെ ഇവർക്ക് ഉപജീവന മാർഗ്ഗം മുട്ടിയിരിക്കുന്നു. ഇവരിൽ ചിലർക്ക് പുതിയ വ്യവസായ ശാലകളിൽ കയറിപ്പറ്റാൻ കഴിഞ്ഞേക്കുമെങ്കിലും ഭൂരിപക്ഷത്തിന്നും വേദനാജനകമായ ഒരു പരിവർത്തന ഘട്ടത്തെയാണ് നേരിടേണ്ടിവരിക. ❑

കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ തലനീട്ടിയിരിക്കുന്നു. ഭൂമി അക്വയർ ചെയ്യാനുള്ള നീക്കത്തിൽ തികഞ്ഞ അരാജകത്വമാണ് കാണുന്നത്.

ഇൻഡോനേഷ്യയിലെ സലിം ഗ്രൂപ്പിന്ന് ഒരു പ്രത്യേക സാമ്പത്തികമേഖല ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിന്നുവേണ്ട ഭൂമി അക്വയർ ചെയ്യുന്നതിന്ന് അനധികൃതമായി നോട്ടീസ് നൽകിയതാണ് വ്യാപകമായ പ്രതിഷേധങ്ങൾക്കിടയാക്കിയത്. അത് തോക്കുകൊണ്ടുള്ള പോരാട്ടത്തിലെത്തി. ഗ്രാമീണർ തമ്മിലാണ് ഏറ്റുമുട്ടിയതെന്നുപറയുന്നുണ്ട്. പക്ഷെ പോലീസിന്റെ നിഷ്ക്രിയത്വവും മാർക്സിസ്റ്റ് പാർട്ടിയുടെ സാന്നിധ്യവും പല സംശയങ്ങൾക്കും ഇടനൽകുന്നു. മാർക്സിസ്റ്റ് പാർട്ടിയിലെ ഒരു പ്രമുഖനും പാർലിമെന്റ് മെമ്പറുമായ ലക്ഷ്മൺ സേഠ് അധ്യക്ഷനായുള്ള ഹാൽഡിയ ഡവലപ്മെന്റ് കമ്മിറ്റിയാണ് അക്വിസിഷനുള്ള അനധികൃത നോട്ടീസ് നൽകിയതെന്നതും ഇതിലെ രാഷ്ട്രീയത്തെ വ്യക്തമാക്കുന്നുണ്ട്.

രാഷ്ട്രീയ ശത്രുക്കൾ മാത്രമല്ല, മിത്രങ്ങളും നന്ദിഗ്രാം കാര്യത്തിൽ വിമർശനം കെട്ടഴിച്ചപ്പോൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ അത്ഭുതകരമാംവണ്ണം ബുദ്ധിപൂർവ്വം പ്രവർത്തിച്ചു. നന്ദിഗ്രാം സംഭവങ്ങൾക്ക് അദ്ദേഹം വിനയാന്വിതനായി ക്ഷമാപണം നടത്തി. "ഞങ്ങൾക്കുപറ്റിയ തെറ്റാണത്; മണ്ടത്തരമാണ് ഗവർമ്മേണ്ട് കാണിച്ചത്" എന്ന് അദ്ദേഹം തുറന്നു പറഞ്ഞു. കർഷകർക്കു നൽകിയ അക്വിസിഷൻ നോട്ടീസെല്ലാം പിച്ചിക്കീറിക്കളയുവാൻ അദ്ദേഹം നിർദ്ദേശം നൽകിയെന്നുമാത്രമല്ല, സംഘർഷ ലഘൂകരണത്തിന്നായി ആവുന്നതെല്ലാം ചെയ്യുകയും ചെയ്തു. അങ്ങനെ പതുക്കെയാണെങ്കിലും നന്ദിഗ്രാം ശാന്തമായി.

പക്ഷെ നന്ദിഗ്രാം സംഘട്ടനം പല പ്രധാന പ്രശ്നങ്ങളും ഉയർത്തുന്നു. ഭരണകൂടത്തിന്നു സംഭവിച്ച വീഴ്ച അത്ഭുതകരമാണ്. നന്ദിഗ്രാമിൽ ഒരു പ്രത്യേക സാമ്പത്തികമേഖല സ്ഥാപിച്ചാൽ എന്തുണ്ടാകുമെന്ന് ആരും ചിന്തിച്ചിട്ടില്ല; അതിന്റെ ഭവിഷ്യത്തിനെപ്പറ്റിയും ചിന്തിച്ചിട്ടില്ല. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരുവിധ തെയ്യാറെടുപ്പും നടന്നിരുന്നില്ല. സർവ്വത്ര ആശയക്കുഴപ്പമായിരുന്നു.

പോലീസിന്റെ നിഷ്ക്രിയത്വം ഭരണകൂടത്തിന്റെ വീഴ്ചക്ക് ഊക്കുകൂട്ടി. നന്ദിഗ്രാമിൽ, വെടിവെപ്പും മരണവും സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ, പോലീസ് നന്ദിഗ്രാമിന്നു പുറത്തു നിഷ്ക്രിയമായി നിൽക്കുകയായിരുന്നു. അവർ ഇടപെടാൻ വിസമ്മതിച്ചു. നന്ദിഗ്രാമിൽ അക്രമത്തിന്ന് സാധ്യതയുള്ളതായി രഹസ്യാന്വേഷണവിഭാഗം പോലീസിന്ന് മുൻകൂട്ടി വിവരം നൽകിയിരുന്നതാണ്. നന്ദിഗ്രാമിലേക്ക് പുറമെനിന്ന് ആൾക്കാർ എത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നും തോക്കുകളും വെടിക്കോപ്പും എത്തുന്നുണ്ടെന്നും അവർ അറിയിച്ചിരുന്നു. എന്നിട്ടും പോലീസ് യാതൊന്നും ചെയ്തില്ല!

ഭൂമി അന്യാധീനപ്പെടുന്നതും കർഷകരുടെ ഗതികേടുമാണ് നന്ദിഗ്രാമിലെ പ്രശ്നം. ബംഗാൾ വ്യവസായവൽക്കരണത്തിന്നായി ദാഹിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുമുന്നണി ഇത്രകാലവും തികച്ചും ജനകീയമായ ഒരു നയമാണ് അനുവർത്തിച്ചിരുന്നത്. കർഷകരും തൊഴിലാളികളും തികച്ചും സംഘടിതരാണ്. തന്മൂലം വ്യവസായികളും ബിസിനസ്സുകാരും ബംഗാളിലേക്ക് തിരിഞ്ഞു നോക്കാറേയില്ല.

ഇത്രകാലവും ജനകീയ നയങ്ങൾ അനുവർത്തിച്ചുവന്നിരുന്ന അതേ നേതാക്കൻമാർ തന്നെ ഇപ്പോൾ വ്യവസായ വൽക്കരണത്തിലൂടെ സാമ്പത്തിക വികസനം കൈവരിക്കാൻ വെമ്പുന്നു. പക്ഷെ അതിന്നുള്ള മാർഗ്ഗം കർഷകരെ തമ്മിൽ തല്ലിക്കലല്ല. ഭൂമി

അന്യാധീനപ്പെടുന്ന പ്രശ്നം കൂടുതൽ മനുഷ്യത്വത്തോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. മുഖ്യമന്ത്രി പറയുന്ന ഭൂപട നിർമ്മാണം നന്ദിഗ്രാമിൽ ഒതുങ്ങുന്ന ഒന്നാവില്ല.

വ്യവസായ വൽക്കരണത്തിന്ന് ഉപയോഗിക്കാവുന്നതും കൃഷിക്ക് ഉപയുക്തമല്ലാത്തതുമായ ഭൂമി കണ്ടെത്താൻ ഇതിന്നകം ശ്രമമാരംഭിച്ചിട്ടുണ്ട്. ഇത്തരം ഭൂമികളുടെ ഒരു പട്ടികതന്നെ തയ്യാറാക്കാനാണ് ശ്രമം കാരണം ഭൂരഹിതരായ 30,000 കർശകർക്ക് 10,000 ഏക്കർ ഭൂമി വിതരണം ചെയ്യുമെന്ന് ഗവർമ്മേണ്ട് മുമ്പു പ്രഖ്യാപിച്ചിട്ടുള്ളതാണ്.

ഗവർമ്മേണ്ട് തയ്യാറാക്കുന്ന ഭൂപടത്തിൽ ഭൂമികളെ കൃഷിചെയ്യാവുന്നവ, കൃഷിക്ക് പറ്റാത്തവ, വ്യവസായത്തിന്ന് ഉപയോഗിക്കാവുന്നവ എന്നിങ്ങനെ തരം തിരിക്കും. കൃഷിയോഗ്യമല്ലാത്ത എല്ലാ ഭൂമിയും വ്യവസായത്തിന്ന് അനുയോജ്യമായെന്നുവരില്ല. കൃഷിക്ക് ഉപയോഗിക്കാവുന്ന ഭൂമി ഭൂരഹിത കർഷകർക്കായി നൽകേണ്ടിവരും.

പ്രത്യേക സാമ്പത്തിക മേഖലക്ക് ഭൂമി അക്വയർ ചെയ്യുന്നതു സംബന്ധിച്ച് കേന്ദ്രഗവർമ്മേണ്ടിന്റെ നയത്തിൽ മാറ്റം വന്നിട്ടുണ്ട്. അതിനാൽ കർഷകർക്ക് കൂടുതൽ ഉദാരമായ നഷ്ട പരിഹാരവും പുനരധിവാസ സഹായവും പ്രതീക്ഷിക്കാം. ഇത് പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാൻ മാത്രമായിരിക്കില്ല. വ്യവസായവൽക്കരണത്തിന്നായി ഗവർമ്മേണ്ട് നടത്തുന്ന എല്ലാ അക്വിസിഷന്നും ഇതു ബാധകമാകും.

വ്യവസായശാല സ്ഥാപിക്കാനായി ആളുകളെ അവരുടെ ഭൂമിയിൽനിന്നും ഇനിമേൽ ആട്ടി ഒടിക്കാനാവില്ല; നേരെ മറിച്ച് ഉദാരമായ, ആകർഷകമായ, ഓഫറുകൾ കർഷകർക്കുനൽകേണ്ടിവരും. ഇതിന്നൊരു മറുവശമുണ്ട്. കർഷകർ ആത്മഹത്യ ചെയ്യുന്ന നാടാണിത്. കൃഷി വലിയൊരു ഭാഗത്തിന്ന് നഷ്ടകച്ചവടമാണ്. സാമ്പത്തിക സുരക്ഷിതത്വം പ്രതീക്ഷിക്കാനാവില്ല. എന്നാൽ ഭൂമി എന്നത് ശാശ്വതമായ ഒരു വരുമാനമാർഗ്ഗമാണ്. തലമുറകളെ തീറ്റിപോറ്റുന്ന ഒന്നാണ്. ഭൂമിക്ക് നഷ്ടപരിഹാരം നൽകുമ്പോൾ ഇക്കാര്യം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. വ്യവസായ വൽക്കരണം അനിവാര്യമാകാം. എന്നാൽ കർഷകർക്ക് പതിവുള്ള നഷ്ടപരിഹാരത്തിന്നും പുരനധിവാസ സഹായത്തിന്നും അപ്പുറം പോകാൻ നാം തയ്യാറായേ തീരൂ. വ്യവസായങ്ങൾമൂലം പെരുവഴിയിലാകുന്ന കർഷകരുടെ രക്ഷക്കുള്ള മാർഗ്ഗം നാം കണ്ടെത്തണം.

വ്യവസായത്തിന്ന് ഭൂമി നൽകുന്ന കർഷകർക്ക് വീടുണ്ടാക്കികൊടുക്കൽ, ആരോഗ്യ പരിപാലന സൗകര്യം, വിദ്യാഭ്യാസ സൗകര്യം തുടങ്ങിയവ ഏർപ്പെടുത്തുന്നതിന്നു പുറമെ അവർക്ക് സാങ്കേതിക പരിശീലനം നൽകി പുതിയ വ്യവസായത്തിന്റെ ഭാഗമാകാൻ സഹായിക്കുകയും വേണം. അതിന്നും പുറമെ, അവർ നൽകിയ ഭൂമിക്ക് ഒരു റോയൽട്ടി ഫീസ് നിശ്ചയിക്കാം. അങ്ങനെയായാൽ അടുത്ത തലമുറകൾക്കും അതു പ്രയോജനപ്രദമാകും. ഇത് എളുപ്പമല്ല; എന്നാൽ അസാധ്യവുമല്ല.

വികസനം വേണോ ജനകീയ താല്പര്യം സംരക്ഷിക്കണോ എന്നത് അതിസങ്കീർണ്ണമായൊരു പ്രശ്നമാണ്. ഭാവനാപൂർണ്ണമായ, മാനുഷികമായ, ഒരു സമീപനത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിന്നു പരിഹാരം കാണാൻ കഴിയൂ. വ്യവസായവൽക്കരണത്തിന്നായും ഫലപ്രദമായ പുരനധിവാസത്തിന്നു വേണ്ടിയുമുള്ള സമരങ്ങൾ ആരംഭിച്ചിട്ട് ദശകങ്ങൾ കഴിഞ്ഞുവെങ്കിലും നാമിപ്പോഴും പഴയ നിലപാടുകളിൽ തന്നെ ഉറച്ചുനിൽപ്പാണ്. നന്ദിഗ്രാം പ്രശ്നം ശരിക്ക് പരിഹരിക്കാൻ കഴിഞ്ഞാൽ, അതു മറ്റുള്ളവർക്ക് ഒരു വഴികാട്ടിയാകും. ❑

# തടവുകാരുടെ അവകാശങ്ങൾ തടയാൻ അമേരിക്കയിൽ കരിനിയമം

- കെ.പി.ഒ. റഹ്മത്തുല്ല -

യുദ്ധരാക്ഷസൻ അമേരിക്കയുടെ പിടിയിലകപ്പെട്ട് മൗലികാവകാശങ്ങൾപോലും നിഷേധിക്കുന്ന ഭീകര കരിനിയമം അമേരിക്കയിൽ നിലവിൽ വന്നു.

2007 ജനുവരി 17ന്ന് പ്രസിഡന്റ് ജോർജ് ബുഷ് ഒപ്പിട്ടതോടെയാണ് ഈ നിയമം പ്രാബല്യത്തിൽ വന്നത്. 2006 ലെ മിലിട്ടറി കമ്മീഷൻസ് ആക്ട് എന്നാണിത് അറിയപ്പെടുക.

അമേരിക്കൻ ഭാഷയിൽ 'ഭീകരതക്കെതിരായുള്ള യുദ്ധ'ത്തിൽ തടവിലാക്കപ്പെട്ട് ഗ്വാണ്ടനാമോബേയിലും(ക്യൂബ) മറ്റിടങ്ങളിലും മനുഷ്യത്വരഹിതമായ പീഡനങ്ങൾ അനുഭവിച്ച് നരകയാതന അനുഭവിക്കുന്ന അനേകം തടവുകാരുടെ ഭാവിയിലാണ് ഈ കരിനിയമം ഇരുൾ വീഴ്ത്തിയിരിക്കുന്നത്. മനുഷ്യാവകാശ ലംഘനങ്ങളെ ചോദ്യം ചെയ്യാനുള്ള മൗലികാവകാശം ഈ നിയമത്തിലൂടെ ഫലത്തിൽ ഇല്ലാതായിരിക്കുന്നു. 'ശത്രുയോദ്ധാവ്' എന്നു മുദ്രയടിക്കപ്പെട്ടിട്ടുള്ള വിദേശ പൗരൻമാർക്ക്, തങ്ങളെ തടവിലാക്കിയതിന്റെ ആധികാരികതയോ ന്യായാന്യായങ്ങളോ ഹേബിയസ് കോർപ്പസ് ഹർജികളിലൂടെ അമേരിക്കൻ കോടതികളിൽ ചോദ്യം ചെയ്യാനുള്ള അവകാശത്തെയാണ് ഈ നിയമം നിഷേധിക്കുന്നത്. പക്ഷപാതപരമായ നടപടികൾ ഉണ്ടാകത്തക്കവിധം തടവുകാരെ വിചാരണ ചെയ്യാനോ തരംതിരിക്കാനോ മിലിട്ടറി കമ്മീഷനുകളെ ഈ നിയമം അനുവദിക്കുന്നു. 'ഭീകരതക്കെതിരായുള്ള യുദ്ധ'ത്തിൽ അമേരിക്കക്കാർ നടത്തിയിട്ടുള്ള മനുഷ്യാവകാശ ലംഘനങ്ങൾക്കുള്ള ശിക്ഷയിൽനിന്നു രക്ഷപ്പെടാൻ നിലവിലുള്ള സംവിധാനത്തെ അത് കൂടുതൽ പ്രകോപിപ്പിക്കുകയും ചെയ്യുന്നു.

ഗ്വാണ്ടനാമോയിൽ മാത്രം നാനൂറിലധികം പേർ തങ്ങളുടെ കുടുംബാംഗങ്ങളുമായി യാതൊരു ബന്ധവുമില്ലാതെ നരകയാതന അനുഭവിക്കുന്നുണ്ട്. ഇവരിൽ നിരവധിപേർ അഞ്ചുവർഷത്തിലധികമായി തടവനുഭവിക്കുന്നവരാണ്. യഥാർത്ഥത്തിൽ, വളരെ കുറച്ചു തടവുകാരുടെ പേരിൽ മാത്രമേ ഇതുവരെ എന്തെങ്കിലും കുറ്റം ചുമത്താൻ കഴിഞ്ഞിട്ടുള്ളൂ. ആരും വിചാരണ ചെയ്യപ്പെട്ടിട്ടുമില്ല.

2006 സെപ്തംബറിൽ യു.എസ്. സുപ്രീം കോടതി പുറപ്പെടുവിച്ച ഒരുത്തരവിനെ മറികടക്കാനാണ് അമേരിക്കൻ മിലിട്ടറി കമ്മീഷൻസ് ആക്ട് കൊണ്ടുവന്നത്. മിലിട്ടറി കമ്മീഷനുകളുടെ സംസ്ഥാപനത്തിന്നിടയാക്കിയ 2001 ലെ മിലിട്ടറി ഓർഡർ അമേരിക്കൻ നിയമങ്ങളുടേയും അന്താരാഷ്ട്ര നിയമങ്ങളുടേയും ലംഘനമാണെന്ന് സുപ്രീം കോടതി കണ്ടെത്തിയതിനെത്തുടർന്നായിരുന്നു ഈ ഉത്തരവ്. പ്രസിഡന്റ് ജോർജ് ബുഷ് നിയമത്തിന്റെ കരട് കോൺഗ്രസ്സിന്റെ പരിഗണനക്കയച്ചുകൊടുക്കുകയും അതേ ദിവസം തന്നെ അദ്ദേഹം സി.ഐ.എ. യുടെ രഹസ്യത്തടവ് പരിപാടിക്ക് അംഗീകാരം നൽകുകയും ചെയ്തു. കൊണ്ടുവരാൻ പോകുന്ന നിയമത്തിന്നു പിന്തുണ നേടാനായി ഇതോടൊപ്പം തന്നെ, നിയമം പാസാക്കുകയാണെങ്കിൽ രഹസ്യത്തടവിൽ കഴിയുന്ന പരിന്നാല് 'വമ്പൻ' തടവുകാരെ 'നീതിയെ അഭിമുഖീകരിക്കാനായി' ഗ്വാണ്ടാനാമോയിലേക്കുമാറ്റു ⇨

# പോലീസുകാരന്നെതിരെ പോലീസിന്റെ മൂന്നാംമുറ

- ദീപക് മഹാൻ -

രാജസ്ഥാനിലെ കാക്കിപ്പട വല്ലാത്തൊരു ഗതികേടിൽ ചെന്നു കുടുങ്ങിയിരിക്കുകയാണ്. ഒരു പോലീസുകാരനെ നിയമവിരുദ്ധമായി കസ്റ്റഡിയിൽവച്ച് മൂന്നാംമുറക്കിരയാക്കിയെന്നതുസംബന്ധിച്ച ഒരു ഹർജി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പരിഗണനക്കെടുത്തിട്ടുണ്ട്. ജയപ്പൂർ പോലീസിന്നെതിരായാണ് കേസ്. ചെയ്യാത്ത ഒരു കുറ്റം ചെയ്തുവെന്നു സമ്മതിപ്പിക്കാനായി ഭീകരമായ ദണ്ഡനമുറകൾ പ്രയോഗിച്ചുവെന്നതാണ് കേസ്.

തങ്ങൾക്ക് തെറ്റുപറ്റിയതാണെന്ന് പോലീസധികാരികൾ ഇപ്പോൾ സമ്മതിക്കുന്നുണ്ട്. എന്നാൽ തെറ്റുചെയ്തവരെ ശിക്ഷിക്കാൻ നടപടിയൊന്നുമെടുത്തിട്ടില്ലെന്നല്ല കേസ് തേച്ചുമാച്ചു കളയാൻ അവർ ശ്രമവും നടത്തിവരുന്നു.

കേസിന്നാസ്പദമായ സംഭവം നടന്നത് 2005 ഡിസംബർ 7ന്നാണ്. നവമ്പർ മൂന്നാം തിയ്യതി ദീപാവലി ദിവസം ജയപ്പൂരിലെ കൈത്തറി എമ്പോറിയത്തിൽ ഉണ്ടായ സംഘട്ടനത്തിൽ മൂന്നു പേർ കൊല്ലപ്പെട്ടിരുന്നു. രാം നിവാസ്



രാം നിവാസ്

എന്ന പോലീസുകാരന്റെ മരുമകളുടെ

---

മെന്നും വിളംബരം ചെയ്തു. പുതിയ നിയമം കോടതികൾ തലതിരിച്ച് പ്രയോഗിക്കാൻ തുടങ്ങിയാൽ ഗ്വാണ്ടനാമോയിലെ ഇരുന്നൂറിലേറെ തടവുകാർ ഫയൽ ചെയ്തിട്ടുള്ള ഹേബിയസ് കോർപ്പസ് ഹർജികൾ തള്ളപ്പെട്ടേക്കും. സ്വേഛാപരമായി തടവിൽ വെക്കുക, ബലമായി ഒളിപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്യുക, ദേഹോപദ്രവമേൽപ്പിക്കുക തുടങ്ങിയവയെ ചോദ്യം ചെയ്യാനുള്ള മൗലികാവകാശം ഹേബിയസ് കോർപസ് ഹർജിയിലൂടെയാണ് ഉപയോഗപ്പെടുത്താൻ കഴിയുക.

"അമേരിക്കയെ പ്രതിനിധീകരിക്കുന്ന കോൺഗ്രസ്, തടവുകാർക്ക് തങ്ങളെ തടവിലാക്കിയതിനെ ഫെഡറൽ കോടതിയിൽ ചോദ്യം ചെയ്യാനുള്ള അവകാശത്തെ നിഷേധിക്കുന്ന നിയമം പാസാക്കിയെന്നു കേട്ടതിൽ ഞാൻ അതിയായി ദു:ഖിക്കുന്നു." - ഗ്വാണ്ടനാമോയിലെ മുൻ തടവുകാരൻ അബൂബക്കർ ക്വാസിം ഇങ്ങിനെയാണ് പ്രതികരിച്ചത്. ❑

ഭർത്താവാണ് കൊല്ലപ്പെട്ടവരിലൊരാൾ. ഈ മരുമകളും ഭർത്താവും പിണങ്ങി വേർതിരിഞ്ഞു താമസിച്ചുവരികയായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് സംഘട്ടനവും മരണവും ഉണ്ടായത്.

കേസന്വേഷണത്തിൽ പോലീസിന്ന് തുമ്പൊന്നും കിട്ടിയില്ല. കൊല്ലപ്പെട്ട ആൾ, മരിക്കുന്നതിന്നുമുമ്പ് രണ്ടുതവണ രാം നിവാസിന്ന് ഫോൺചെയ്തിരുന്നതായി പോലീസിന്നു വിവരം കിട്ടി. രാംനിവാസ് വാടകഗുണ്ടകളെ വിട്ട് കൊലപാതകം നടത്തിയതാണെന്ന അനുമാനത്തിലാണ് പോലീസ് എത്തിയത്.

ഈ ഊഹത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ഡിസംബർ 7-ാം തിയ്യതി രാം നിവാസിനെ കസററ്ഡിയിലെടുക്കുകയും പത്തു ദിവസം നിയമവിരുദ്ധമായി കസ്റ്റഡിയിൽവച്ച് നാനാവിധ ദണ്ഡനമുറകൾക്ക് വിധേയനാക്കുകയും ചെയ്തു. രാം നിവാസിനെക്കൊണ്ട് കുറ്റം സമ്മതിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി ഭീകരമായി തല്ലി; കൊടുംതണുപ്പിൽ മുറ്റത്ത് നിർത്തി മരവിപ്പിച്ചു; മൂന്നുദിവസം രാവും പകലും തല്ലിക്കൊണ്ടിരുന്നു. കയ്യും കാലും കെട്ടി തലകീഴീയി തൂക്കിയിട്ടു മർദ്ദിച്ചു.

ദണ്ഡനമേറ്റ് തികച്ചും അവശനായതിനെത്തുടർന്ന് ഡിസംബർ 12ന്ന് രാം നിവാസിനെ ആസ്പത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. രാംനിവാസിന്റെ മൂക്കിന്റെ എല്ലു തകർന്നിട്ടുള്ളതായും ശരീരത്തിൽ 18 ദിക്കിൽ മുറിവുകളുള്ളതായും മെഡിക്കൽ കോളേജ് ആസ്പത്രിയിലെ മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നു. ഒടുവിൽ രാം നിവാസിനെ വിട്ടയച്ചു.

രാം നിവാസിനെ മാത്രമല്ല അദ്ദേഹത്തിന്റെ കുട്ടികളേയും പോലീസ് ദ്രോഹിക്കുകയുണ്ടായി. ഒരു ദിവസം രണ്ടുപോലീസുകാർ സ്കൂളിൽ ചെന്നു. സ്കൂളിൽ പ്രവേശിക്കരുതെന്ന് പ്രിൻസിപ്പൽ വിലക്കിയിട്ടും ഫലമുണ്ടായില്ല. അവർ ക്ലാസ് മുറിയിൽചെന്ന് മറ്റുകുട്ടികളുടെ മുന്നിൽവച്ച് രാംനിവാസിന്റെ കുട്ടികളെ ചീത്തപറയുകയും ചോദ്യം ചെയ്യാനായി പിടിച്ചുകൊണ്ടു പോകുകയും ചെയ്തു.

നീതി, നിയമം എന്നിവയെക്കുറിച്ച് രാഷ്ട്രീയ നേതൃത്വത്തിന്നുതന്നെ വേവലാതിയില്ലാതിരിക്കെ, പോലീസ് ഇങ്ങനെയൊക്കെ ചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ല എന്നാണ് പി.യു.സി.എൽ ജന: സെക്രട്ടറി കവിത ശ്രീവാസ്തവ പറഞ്ഞത്.

മൂന്നുപേരുടെ കൂട്ടക്കൊലക്ക് മാസം മൂന്നുകഴിഞ്ഞിട്ടും തുമ്പുണ്ടാക്കാൻ കഴിയാതെ വന്നപ്പോൾ, പോലീസ് അവരുടെ രാഷ്ട്രീയ യജമാനൻമാരെ തൃപ്തിപ്പെടുത്താനായി കണ്ടവനെ പിടികൂടുകയാണ് ചെയ്തതെന്ന് കവിത പറയുന്നു. മൂന്നാംമുറ പ്രയോഗിച്ചവർക്കെതിരെ നടപടിയെടുക്കുമെന്ന് ഐ.ജി. മൽഹോത്ര പറയുകയുണ്ടായെങ്കിലും ഒരു നടപടിയും ഉണ്ടായില്ല. പോലീസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് വിശ്വസനീയമല്ല. രാം നിവാസ് 12 ദിവസം ജോലിക്ക് ഹാജരായിട്ടില്ല. എന്തുകൊണ്ടാണ് എന്നതിന്ന് വിശദീകരണമില്ല. ഡിസംബർ 17ന്ന് രാം നിവാസിനെ "നർക്കോ അനാലിസിസ്"എന്ന ടെസ്റ്റിന്ന് വിധേനാക്കിയിരുന്നു. ആരാണിതിന്ന് കല്പന നൽകിയതെന്നു വ്യക്തമല്ല; എന്തിനാണിത് നടത്തിയതെന്നും പറയുന്നില്ല.

തന്നെ പീഡിപ്പിച്ചവർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രാംനിവാസ് ഹർജി സമർപ്പിച്ചിട്ടുണ്ട്. കേസ് പിൻവലിപ്പിക്കാൻ അധികൃതർ ശ്രമിക്കുന്നുണ്ടെങ്കിലും രാംനിവാസ് വഴങ്ങിയിട്ടില്ല.

(ദി വീക്ക്)

# റിലയൻസിനുവേണ്ടിയുള്ള അക്വിസിഷൻ നിർത്തി

മഹാരാഷ്ട്രത്തിലെ റായ്ഗഡിൽ പ്രത്യേക സാമ്പത്തിക മേഖലക്കായി 25,000 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ നിർത്തിവച്ചതായി മുഖ്യമന്ത്രി വിലാസറാവു ദേശ്മുഖ് പ്രസ്താവിച്ചു. മുകേശ് അംബാനിയുടെ റിലയൻസിനുവേണ്ടിയാണ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിരുന്നത്.

പി.സി.സി. നിയോഗിച്ച ഒരു ഉന്നതതല വസ്തുതാന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിനെത്തുടർന്നാണ് മുഖ്യമന്ത്രി ഇടപെട്ടത്. പ്രത്യേക സാമ്പത്തിക മേഖലക്കായി റായ്ഗഡ് ജില്ലയിൽ നടക്കുന്ന അക്വിസിഷൻ നടപടികൾ പ്രതിഷേധങ്ങൾക്കിടയാക്കുമെന്നും ബംഗാളിലെ നന്ദിഗ്രാമിലെ സ്ഥിതിവിശേഷം റായ്ഗഡിലും സംജാതമായേക്കുമെന്നും കമ്മിറ്റിയുടെ റിപ്പോർട്ടിൽ താക്കീത് നൽകിയിരുന്നു.

സഞ്ജയ നിരുപം, റാംസേഠ് ഠാക്കൂർ എന്നീ മുൻ എം.പി.മാരുടെ നേതൃത്വത്തിലുള്ള വസ്തുതാന്വേഷണ കമ്മിറ്റി നവി മുംബായിക്ക് തൊട്ടടുത്ത റായ്ഗഡ് ജില്ലയിലെ കർഷകർക്കിടയിൽ വളർന്നുവരുന്ന അസ്വാസ്ഥ്യത്തിലേക്ക് ഗവർമ്മേണ്ടിന്റെ ശ്രദ്ധയാകർഷിച്ചു. റവന്യു ഉദ്യോഗസ്ഥൻമാർ അക്വിസിഷൻ നടപടികളുമായി ഇപ്പോഴും മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഭൂമി അക്വയർ ചെയ്തുകൊണ്ടുള്ള അന്തിമ കൽപന പുറപ്പെടുവിച്ചിട്ടില്ലെന്നാണ് സർക്കാർ പറയുന്നത്. തർക്കങ്ങളെല്ലാം തീരുന്നതുവരെ ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകർക്കുതന്നെയായിരുക്കുമെന്ന് മുഖ്യമന്ത്രി പറയുന്നു.

റായ്ഗഡ് ജില്ലയിലെ ഉറാൻ-പെൻ-പാൻവെൽ മേഖലയിൽ 25,000 ഏക്കർ ഭൂമിയെടുത്ത് പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാനാണ് റിലയൻസ് തീരുമാനിച്ചിരിക്കുന്നത്. കമ്പനിയുടെ ആഭിമുഖ്യത്തിലാണ് അക്വിസിഷൻ നടപടികൾ നടന്നുവരുന്നത്; കർഷകർക്കുള്ള പുനരധിവാസ പദ്ധതിയും റിലയൻസാണ് നടപ്പാക്കുന്നത്.

ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യക്ക് നന്ദിഗ്രാമിൽ പറ്റിയ അബദ്ധം മഹാരാഷ്ട്രാമുഖ്യമന്ത്രി ദേശ്മുഖിന്ന് റായ്ഗഡിൽ പറ്റുമെന്ന് കമ്മിറ്റി മുന്നറിയുപ്പു നൽകുന്നു.

മാർച്ച് 23ന്ന് അയ്യായിരത്തോളം കർഷകർ മുംബായ്-ഗോവ ഹൈവേയിലെ ഗതാഗതം സ്തംഭിപ്പിക്കുകയുണ്ടായി. അക്വിസിഷൻ നോട്ടീസ് പിൻവലിക്കാമെന്ന് ഗവർമ്മേണ്ട് ഏറ്റതിന്നുശേഷമാണ് കർഷകർ റോഡ് തുറന്നു കൊടുത്തത്.

❑

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# പാക് വനിതാ മന്ത്രിക്ക് വധഭീഷണി

പാക്കിസ്ഥാനിലെ ടൂറിസം മന്ത്രിയായ നിലോഫർ ബക്ത്യാറിന്ന് യാഥാസ്ഥിതികരായ പുരോഹിതരിൽനിന്ന് വധ ഭീഷണി ഉയർന്നിരിക്കുന്നു.

പാരീസിൽ ഒരു പാരാ ഗ്ലൈഡിങ് പ്രദർശനത്തിൽ പങ്കെടുത്ത നിലോഫറിനെ ഒരു പുരുഷൻ പരസ്യമായി പുണർന്നുവെന്നാണ് പുരോഹിതന്മാർ പറയുന്നത്.

പഞ്ചാബ് സംസ്ഥാനത്തിലെ മന്ത്രിയായ സില്ലെ ഹൂമയെ രണ്ടുമാസം മുമ്പ് ഒരു തീവ്രവാദി വധിച്ചിരുന്നു. പർദ്ദ ഉപേക്ഷിക്കുകയും സ്ത്രീകളുടെ ഉദ്ധാരണത്തിനായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തുവെന്നതായിരുന്നു സില്ലെക്കെതിരായ ആക്ഷേപം.



വിമാനത്തിൽനിന്ന് ചാടാനൊരുങ്ങുന്ന പാക് മന്ത്രി

2005 ലെ ഭൂകമ്പത്തിൽ സർവ്വസ്വവും നശിച്ച പാവങ്ങളെ സഹായിക്കാനുള്ള ഒരു നിധി സംഭരണത്തിന്റെ ഭാഗമായാണ് താൻ പാരീസിലെ പാരാ ഗ്ലൈഡിങ് പ്രദർശനത്തിൽ പങ്കാളിയായതെന്ന് നിലോഫർ പറഞ്ഞു.

വിമാനത്തിൽനിന്ന് പാരച്യൂട്ട് ഉപയോഗിച്ച് ചാടുന്ന അഭ്യാസമാണ് പാരീസിൽ നടന്നത്. ഇത് പരിശീലിപ്പിച്ചത് ഒരു പുരുഷനായിരുന്നു. വിജയകരമായി പാരാ ഗ്ലൈഡിങ്ങ് നടത്തിയതിന് പരിശീലകൻ തന്റെ പുറത്ത് തട്ടി അഭിനന്ദിക്കുകമാത്രമാണുണ്ടായത്.

നിലോഫറിന്റെ ഈ അഭ്യാസം ഫ്രെഞ്ച് മാധ്യമങ്ങളിൽ വ്യാപകമായി പ്രദർശിപ്പിക്കപ്പെട്ടിരുന്നു. ഇസ്ലാമാബാദിലെ ഒരു അറു പിന്തിരിപ്പൻ മസ്ജിദായ ലാൽമസ്ജിദിലെ പുരോഹിതന്ന് ഇത് സഹിക്കാനായില്ല. അയാൾ നിലോഫറിന്നെതിരായി "ഫത്വ" ഇറക്കിയിരിക്കുകയാണ്.

ഭൂകമ്പ ബാധിതരെ സഹായിക്കാനുള്ള ധനശേഖരണത്തിന്ന് പാരാഗ്ലൈഡിങ് നടത്താമെന്ന് താൻ മന്ത്രിയാകുന്നതിന്നുമുമ്പുതന്നെ ഏറ്റിരുന്നുവെന്ന് നിലോഫർ പറയുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.